THE CHURCH WEEKLY

Vol. VIII. | SUNDAY 10th JANUARY 1954 | PRICE 2 ANNAS PER COPY | NO. 2

TAKE UP THY CROSS!

(Dr. James Reid)

If any man will come after me, let him deny himself, and take up his cross, and follow me Matt. 16: 24.

Like great music the gospel has its sombre notes. Jesus warns us that the road of discipleship will not be "roses, roses all the way"; there will also be thorns and briars. He sounded this warning note at the very moment when His disciples had been thrilled by the recognition of His true glory and He had assured them that of men like them, with the same faith and insight, He would build His Church. It was a glowing prospect; but with His next words a shadow fell across the road—the shadow of the Cross. For them also, as for Himself, it was inescapable, and they must face it. If they would follow Him, they must take up the cross:

The essence of cross-bearing is the same for all. It means, in Paul's words, "crucifying the flesh with its affections and lusts." Self must be dethroned if we would be His disciples, and that means pain. The cross will take different forms for different people. For some it may mean persecution and ignominy, for others the burdens and sacrifices that come with love or duty. There are times when these may be heavy and cut deep into the ...es of the heart. The temptation is to resent the burden, and ...aps evade it, or at the best to ... it in a mood of dull and even ...ish resignation. "Root it out," ...tevenson of this kind of resig... "I will not have it in my ... Root it out and in its place ...ush of flowering piety." ...ant something like this ... bade us take up our ... calls for the soldier spirit of "gallant and high-hearted courage" and even for a certain gaiety of heart such as His disciples showed when, we are told, they rejoiced that they were counted worthy to suffer in His name.

There are many allies of the spirit that we may call to our aid when the going is hard. One is the knowledge that we belong to a great company. "For my sake," said a doctor to a patient, "don't think yourself exceptional." The more we are privileged to pass behind the scene in the lives of others the more we find that every life has its own root of bitterness and pain. Many do not wear their heart on their sleeve. They may appear to be gay and carefree, but we may suddenly find with a shock of surprise that, like the ancient king of Isreal, they are wearing sack-cloth within. Into the smiling eyes there will come the shadow of pain. People like these make us ashamed when we are tempted to feel sorry for ourselves, and stir in us the spirit of courage and faith.

But the big fact we should recall to ourselves in our heavily burdened hours is the presence of Christ. "Take up your cross and follow Me," He said. We can tell ourselves that God is with us and it will help us. But the full meaning of that truth does not come home to us till we see Christ walking before us and holding out to us a hand which the nails had pierced. When Jesus calls us to take up our cross it is out of His own experience of life that He speaks and from a knowledge of pain which is deeper and more tragic than any of us can ever know. There is that in the thought of Him crucified yet victorius that can put iron into our blood and strengthen our wills to follow Him.

Of His scars a single sight
The embers of our dying might
Into a flame can fan.

This is what, among other things, the thought of Him as He walks the road to Calvary can do for us. He does not want our pity. "Weep not for Me," He said to those who stood by the roadside to watch Him pass, offering Him nothing but the tribute of their tears. Of all who have suffered He is the least to be pitied. He did not bear His Cross to add to the world's burden of pain, but to give us the power to carry our own. He shares our burden that we may share His spirit. The call to take up our cross as it comes from Him is not an appeal for resignation; it is a trumpet blast to bring us to our feet.

As we take up our burden, whatever it be, in the spirit which He kindles, two things will happen. One is that we will come to know Him as we can in no other way. We know this sense of fellowship in our friendship with one another. Scott of the Antarctic used to take a hand at pulling the sledge with his men across the frozen wastes, and his biographer tells how he and they were conscious at those moments of what he calls the "sympathy of the traces." There is no fellowship so deep as the shared experience of a heroic task. When we suffer together we are conscious of a bond that makes us one at the very roots of our being, however different may be our circumstances on the surface; So it

ശ്രദ്ധേയമായ ഒരു വിജ്ഞാപനം.

വെള്ളൂർ സെൻറ് സൈമൺസ് പള്ളി വികാരി ഇടവകാംഗങ്ങളുടെ ശ്രദ്ധക്കായി അച്ചടിച്ചു വിതരണം ചെയ്ത ഒരു വിജ്ഞാപനം അതേപടി ഉദ്ധരിച്ചുകൊള്ളുന്നു. (ഇതു കഴിഞ്ഞ ലക്കത്തിൽ അബദ്ധവശാത പ്രസിദ്ധപ്പെടുത്താതെപോയതാണ്.)

ഈ പള്ളിയിൽ ആരാധനയിൽ സംബന്ധിക്കുന്ന ഇടവകാംഗങ്ങളുടെയും, മറ്റുള്ളവരുടെയും സത്വരവും സവിശേഷവുമായ ശ്രദ്ധയെ താഴെ ചേർത്തിരിക്കുന്ന കാര്യങ്ങളിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

1. സാധാരണയായി ഞായറാഴ്ച ദിവസങ്ങളിൽ രാവിലെ കൃത്യം 8 മണിക്ക് പ്രഭാത പ്രാർത്ഥനയും 9 മണിക്ക് വി.കുർബാനയും ആരംഭിക്കുന്നതും സൗകര്യമുള്ള പക്ഷം ഇടവകാംഗങ്ങൾ എല്ലാവരും ഏറ്റവും കുറഞ്ഞത് ഒരുവീട്ടിൽ നിന്നും ഒരാളെങ്കിലും ദിവ്യ ശുശ്രൂഷകളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കേണ്ടതുമാകുന്നു.

2. ആരാധനയിൽ സംബന്ധിക്കേണ്ടവർ ആയതു ആരംഭിക്കുന്നതിനു മുമ്പായിത്തന്നെ പള്ളിയിൽ വന്നുചേരുന്നതിനു കഴിയുന്നത്ര ശ്രമിക്കേണ്ടതും, നിവൃത്തിയുള്ളപക്ഷം കാലുകൾ കഴുകി വെടിപ്പാക്കിയ ശേഷം പള്ളിയകത്തു പ്രവേശിക്കേണ്ടതും, ദേവാലയത്തിനുള്ളിൽ ഇപ്പോഴത്തെ ക്രമീകരണങ്ങൾ ഏറ്റവും വിജയപ്രദമാക്കത്തക്ക വിധത്തിൽ പൊക്കമുറയനുസരിച്ച് നിരനിരയായി (ഭിത്തികളിന്മേൽ ചാരാതെ) നിൽക്കേണ്ടതുമാകുന്നു.

3. പള്ളിയുടെ മദ്ധ്യഭാഗത്ത് കിഴക്കുപടിഞ്ഞാറായി പ്രത്യേകം ഇട്ടിരിക്കുന്ന കയറ്റുപായിൽ ആരുംതന്നെ നിൽക്കാതെ, പള്ളിയുടെ മദ്ധ്യഭാഗം എപ്പോഴും ഒഴിച്ചിടേണ്ടതാണ്.

4. ആരാധനയിൽ സംബന്ധിക്കണമെന്നുദ്ദേശിച്ച് വരുന്നവരെല്ലാം പള്ളിയകത്തുതന്നെ നിൽക്കേണ്ടതും എന്നാൽ പള്ളിയകത്ത് സ്ഥലസൗകര്യമില്ലാതെ വരുമ്പോൾ മാത്രം വരാന്തയിൽ നിൽക്കാവുന്നതുമാകുന്നു.

5. നിന്നുകൊണ്ടു ശുശ്രൂഷകളിൽ സംബന്ധിക്കേണ്ടതുമായ സന്ദർഭങ്ങളിൽ എല്ലാവരും നിൽക്കേണ്ടതും, അപ്പോൾ ഇരിക്കുവാൻ ഒരുത്തരും ഒരുമ്പെട്ടുകൂടാത്തതുമാകുന്നു. അതുപോലെതന്നെ ഇരിക്കുവാൻ അനുവദിച്ചിട്ടുള്ളതായ സന്ദർഭങ്ങളിൽ എല്ലാവരും ഇരിക്കേണ്ടതും, അതിനുപകരം അവിടവിടെയായി ചിലർ നിൽക്കുകയാണെങ്കിൽ ആയതു മറ്റുള്ളവർക്ക് അസഹ്യത്തിനു ഇടയാക്കുന്നതുമാകുന്നു. കൂടാതെ ആരാധനാസമയങ്ങളിൽ ഇടക്കിടക്ക് പള്ളിയിൽനിന്നും ഇറങ്ങിപ്പോകുകയും വരികയും ചെയ്യുന്നതിനെ കഴിയുന്നത്ര നിരുത്സാഹപ്പെടുത്തേണ്ടതാകുന്നു.

6. ശിശുക്കളെ ദേവാലയത്തിൽ കൊണ്ടുവരുമ്പോൾ അവർ കരഞ്ഞും മറ്റു വിധത്തിലും ബഹളമുണ്ടാക്കാതിരിപ്പാൻ മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതു പ്രയാസമെന്നു വിചാരിക്കുന്നവർ അപ്രകാരമുള്ള കുട്ടികളെ ദേവാലതത്തിൽ കൊണ്ടുവരാതിരിക്കുന്നതു എല്ലാ വിധത്തിലും കൂടുതൽ സൗകര്യപ്രദമായിരിക്കും. കുട്ടികൾ പള്ളിയകത്ത് അച്ചടക്കത്തോടുകൂടെ പെരുമാറുന്നതിൽ മാതാപിതാക്കന്മാരും വിശിഷ്യ സണ്ടേസ്കൂൾ അദ്ധ്യാപകന്മാരും പ്രത്യേകം നിഷ്കർഷിക്കേണ്ടതാണ്.

7. ദിവ്യശുശ്രൂഷാമദ്ധ്യേയുള്ള ഗാനങ്ങൾ പട്ടക്കാരൻ ആരംഭിക്കുന്നതും അതിനെ അനുക്രമമായി ഏറ്റുചൊല്ലുവാൻ ശുശ്രൂഷകന്മാർ, ബാലന്മാരുടെ ഗായകസംഘം, ബാലികമാരുടെ ഗായകസംഘം എന്നിവരെ ക്രമപ്പെടുത്തിയിട്ടുള്ളതും, ശുശ്രൂഷയിൽ സംബന്ധിക്കുന്ന മറ്റുള്ളവർ ആയതു കേട്ടു ധ്യാനിച്ചുനിൽക്കുകയല്ലാതെ അവരുടെ കൂടെ ചൊല്ലി ഗാനക്രമീകരണങ്ങൾക്കു അഭംഗി വരുത്തുവാൻ പാടില്ലാത്തതുമാകുന്നു. എന്നാൽ ഗദ്യഭാഗങ്ങൾ എല്ലാവരുംകൂടി ഒരുമിച്ചു ചൊല്ലേണ്ടതും, സൗകര്യമുള്ളവരെല്ലാം ആയതിലേക്കായി വി. കുർബാനക്രമത്തിന്റെ ഓരോ പ്രതി ആരാധനയിൽ സംബന്ധിക്കുവാൻ വരുമ്പോൾ കൊണ്ടുകൊണ്ടുപോരേണ്ടതുമാകുന്നു. സ്വന്തമായി കുർബാനക്രമങ്ങൾ കൊണ്ടുവരാത്തവർ പള്ളിയകത്തു വച്ചിരിക്കുന്ന കുർബാനക്രമങ്ങൾ എടുത്തു ഉപയോഗിക്കാവുന്നതും, ആരാധനക്കുശേഷം അവ യഥാസ്ഥാനത്തു വച്ചിട്ടുപോകേണ്ടതുമാകുന്നു.

8. വിശുദ്ധ കുർബാനക്കുശേഷം ആൺകുട്ടികൾ, പുരുഷന്മാർ, പെൺകുട്ടികൾ, സ്ത്രീകൾ എന്ന ക്രമത്തിൽ ലയിനായിവന്ന് കാണിക്കയിട്ടശേഷം വിശുദ്ധകുർബാന അനുഷ്ഠിച്ച പട്ടക്കാരന്റെ കൈമുത്തി, പടിഞ്ഞാറെ വാതിൽ വഴി എല്ലാവരും പുറത്തേക്കു പോകേണ്ടതാകുന്നു. കാണിക്കയിടീൽ നടന്നുകൊണ്ടിരിക്കുമ്പോൾ തളികയിൽ നിന്നും ചില്ലറമാറുന്നതിനു ശ്രമിച്ചു ക്രമീകൃതമായ കൈമുത്തലിനു ആരും തടസ്സമുണ്ടാക്കരുത്. കാണിക്കയിടുന്നതിനുള്ള നാണയം കുട്ടികളുടെ കൈകളിൽ മുൻകൂട്ടികൊടുത്ത് അവർ അതിനെ നിലത്തിട്ടും മറ്റുവിധത്തിലും ശബ്ദമുണ്ടാക്കി ശല്യപ്പെടുത്താതെ ഇരിക്കുവാൻ ശ്രദ്ധിക്കണം.

9. വിശുദ്ധ ശുശ്രൂഷകൾക്കുശേഷം പലരും ദൈവാലയത്തിൽനിന്നുകൊണ്ട് വൃഥാ സംസാരത്തിൽ ഏർപ്പെടു[illegible]ന്ന പതിവിന് പരിപൂർണ്ണവിരാമമി[illegible]ടേണ്ടതും പള്ളിയകത്തു നിൽക്കുമ്പോൾ ദൈവസാന്നിദ്ധ്യബോധത്തോടുകൂ[illegible]ടി ഏറ്റവും ഭയഭക്തിപുരസ്സരം പെ[illegible]മാറേണ്ടതുമാണ്.

10. പൊതു ആരാധനകൾക്കുശേ[illegible] വിശുദ്ധകുർബാന ചൊല്ലിച്ചിട്ടുള്ള[illegible]ടെ പേർക്കുള്ള പ്രത്യേകപ്രാർത്ഥ[illegible]ൾ, രഹസ്യപ്രാർത്ഥനകൾ, വി[illegible] കുർബാനാനുഭവം? മാമ്മോദീ[illegible] തലായ പല കർമ്മങ്ങളും ഉള[illegible] ൽ ആ സമയത്തു പള്ളിവരാ[illegible] കൂടിനിന്നു സംസാരിക്കുക[illegible]

is with us and Christ. Thomas, the doubter, knew the risen Christ only when he touched Him through His wounds. But it is often our own wounds that open our eyes to see Him and feel His nearness. "If it were not for Christ I could not live," said a man to a friend as he told him of the secret burden he was hearing. What he might also have confessed was that through his pain his knowledge of Christ had flowered into a fellowship with Him, deeper than he had ever known.

But there is more. Taking up our cross in the spirit of Christ not only makes the burden bearable, it makes it redemptive. It redeems us from cheap and shallow living. It cleanses our hearts from pride and keeps us humble and open to God's guiding. When we take up our cross in Christ's way and in His fellowship redemptive power is released in us and through us. Our spirit, transformed and purified, takes its place in the stream that flows from Calvary. It is generally our own victory over some hidden sorrow that gives our sympathy power to comfort others. The hand we hold out and the words we speak have power to cheer the faint and raise the fallen, and to start them afresh on the road to the City of God. (British Weekly)

ഷചപ്ലണം നടത്തുകയും മററും ചെയ്യുന്നതു് മേൽവിവരിച്ച പ്രാർത്ഥനാദികൾക്കു് പല അസൗകര്യങ്ങളും പ്രദാനം ചെയ്യുന്നതിനാൽ അയതിനെ നിരുത്സാഹപ്പെടുത്തേണ്ടതും എന്നാൽ സംസാരിക്കുകയോ, വിശ്രമിക്കുകയോ ചെയ്യണമെന്നു് ആഗ്രഹിക്കുന്നവർ പള്ളിമുറിയിൽ പോയി ഇരുന്നു് സൗകര്യമായി അപ്രകാരം ചെയ്യാവുന്നതുമാണു്.

11. മരണരോഗികൾക്കുള്ള തൈലാഭിഷേകം, വിശുദ്ധകുർബാനാനുഭവം മുതലായി തക്കതും അപ്രതീക്ഷിതങ്ങളും അടിയന്തിരങ്ങളും ആയ ആവശ്യങ്ങൾ ഒഴിച്ചു് മാമ്മോദീസാ, ശ്രാദ്ധം, വിവാഹം, ഭവനവാഴ്വു് മുതലായി മുൻകൂട്ടി പ്രതീക്ഷിക്കാവുന്നതായ ആവശ്യങ്ങൾ കഴിയുന്നിടത്തോളം അയതിന്റെ തലേ ഞായറാഴ്ച തന്നെ പട്ടക്കാരനെ അറിയിക്കുന്നതു് എല്ലാവിധത്തിലും കൂടുതൽ സൗകര്യപ്രദമായിരിക്കും.

12 പ്രദക്ഷിണം നടത്തേണ്ടതായ സന്ദർഭങ്ങളിൽ ദേവാലയത്തിൽ സന്നിഹിതരായിരിക്കുന്ന ആബാലവൃദ്ധം ജനങ്ങളും സ്ത്രീപുരുഷ ഭേദമെന്യേ അതിൽ സംബന്ധിക്കേണ്ടതും ആരും തന്നെ അതിൽ സംബന്ധിക്കാതെ മാറി നില്ക്കുവാൻ പാടില്ലാത്തതുമാണു്. പ്രദക്ഷിണസമയത്തു മേശ്കുട്ടിയുടെ മുമ്പിൽ ഇടത്തുവശത്തു ആൺകുട്ടികളും, വലത്തുവശത്തു പെൺകുട്ടികളും, മേൽകുട്ടിയുടെ പിൻപിൽ ഇടത്തുവശത്തു പുരുഷന്മാരും, വലത്തുവശത്തു സ്ത്രീകളും ഓരോ നിലയിലും മൂന്നു പേർവീതം നിരനിരയായിനിന്നു് ഗീതങ്ങളും, പ്രാർത്ഥനകളും ചൊല്ലിക്കൊണ്ടു് ഭക്തിസംവർദ്ധകമായ രീതിയിൽ അതിൽ സംബന്ധിക്കുവാൻ പ്രത്യേകം ഉത്സാഹിക്കണം.

13 പള്ളിയിൽ വിശേഷവിധിയായി എന്തെങ്കിലും നേർച്ചകാഴ്ചകൾ കൊടുക്കണമെന്നു ആഗ്രഹിക്കുന്നവർ എ...ത്തു സാധനമാണു് കൊടുക്കേണ്ടതെന്നു ...ികാരിയുമായി മുൻകൂട്ടി ആലോചിച്ചു ...ിപ്പെടുത്തുന്നതു്, നമ്മുടെ ദേവാ...യത്തിൽ അത്യാവശ്യവും കൂടുതൽ ...യോഗപ്രദവുമായിരിക്കുന്ന സാധ...സാമഗ്രികൾ സംഭരിക്കുന്നതിനു് സ...കരമായിരിക്കും. പള്ളിയിൽ കാഴ്ച...ിക്കൊണ്ടുവരുന്ന നെല്ലു്, കറി, ...ല മുതലായ ഉല്പന്നങ്ങൾ പ...കത്തു വയ്ക്കാതെ പള്ളിമുറിയുടെ ...യിൽ വച്ചാൽ മതിയാകുന്നതാ

...രാധനയിൽ സംബന്ധിക്കുന്ന ...പള്ളിയും പള്ളിമുറിയും അതിന്റെ പരിസരങ്ങളും ദൈവതിരുനാമമഹത്വത്തിനു ഒത്തവണ്ണം ഐശ്വര്യവും എത്രയും ഭംഗിയായും ശുചിയായും സൂക്ഷിക്കുന്നതിൽ പ്രത്യേകം ജാഗ്രതയായിരിക്കണം.

15. എല്ലാ ഭവനങ്ങളിലും വിശുദ്ധ വേദപുസ്തകം നമസ്കാരക്രമം ക്രിസ്തീയ ഗീതങ്ങൾ ഉൾക്കൊള്ളുന്ന പാട്ടുപുസ്തകം കുർബാനക്രമം മുതലായി ആവശ്യം വേണ്ട പുസ്തകങ്ങൾ ഉണ്ടായിരിക്കേണ്ടതും കുടുംബാംഗങ്ങൾ എല്ലാവരും കൂടി ചേർന്നു് സന്ധ്യക്കും പ്രഭാതത്തിലുമെങ്കിലും പ്രാർത്ഥന, വേദപുസ്തകവായന മുതലായവ ക്രമമായി നടത്തുന്നതിൽ വീഴ്ചവരുത്താതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ശ്രേഷ്ഠാനുമതിയുള്ള പാമ്പാക്കുട നമസ്കാരപുസ്തകത്തിലെ പ്രത്യേക പ്രാർത്ഥനകൾ ഉപയോഗിച്ചു പരിശീലിക്കുന്നതു് കൂടുതൽ ആശാസ്യമായിരിക്കും.

16. നമ്മുടെ ഇടവകയിൽ പല ഗ്രൂപ്പുകളായി നടത്തപ്പെട്ടു വരുന്ന പ്രാർത്ഥനായോഗങ്ങളിൽ അതതു ഗ്രൂപ്പിൽപ്പെട്ട ഭവനങ്ങളിൽനിന്നു് ഏററവും കുറഞ്ഞതു് ഒരംഗം വീതമെങ്കിലും സംബന്ധിക്കുകയും, ക്രമമനുസരിച്ചു് എല്ലാ ഭവനങ്ങളിലും വച്ചു് അനുഗ്രഹപ്രദമായ രീതിയിൽ യോഗങ്ങൾ നടത്തുന്നതിനു് ഉത്സാഹിക്കുകയും വേണം. ഇടവകയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന മർത്തമറിയം സ്ത്രീസമാജത്തിൽ ഇടവകാംഗങ്ങളായ എല്ലാസ്ത്രീകളും അംഗങ്ങളായി ചേരുകയും ഒന്നിടവിട്ടുള്ള ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന യോഗങ്ങളിലും അതിന്റെ ജീവകാരുണ്യപരമായ മററു പ്രവർത്തനങ്ങളിലും സഹകരിക്കേണ്ടതും ആകുന്നു. കൂടാതെ ഇടവകയിലുള്ള 16 വയസ്സിനു കുറഞ്ഞ എല്ലാ കുട്ടികളേയും നിർബന്ധമായി സണ്ടേസ്കൂളിൽ അയച്ചു് ക്രിസ്തീയാഭ്യസനം നടക്കുന്ന കാര്യത്തിൽ മാതാപിതാക്കൾ പ്രത്യേകം നിഷ്കർഷിക്കേണ്ടതുമാകുന്നു.

ഈ ഇടവകയുടെ ആത്മീയ പുരോഗതിയെ ലാക്കാക്കിയും, നമ്മുടെ ആരാധനാരീതി കൂടുതൽ ആകർഷകവും, ഭക്തിസംവർദ്ധകവും ആക്കണം എന്ന ഏക സദുദ്ദേശത്തെ മുൻനിറുത്തിയും പുറപ്പെടുവിച്ചിരിക്കുന്ന മേൽ വിവരിച്ച എല്ലാ നിർദ്ദേശങ്ങളും പരിപാലിക്കുന്നതിൽ നിങ്ങൾ എല്ലാവരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങളെ സാദരം അഭ്യർത്ഥിക്കുകയും ആയതു എല്ലാവരും സ്വീകരിക്കുമെന്നു പരിപൂർണ്ണമായി വിശ്വസിക്കുകയും ചെയ്യുന്നു.

എന്നു്

പാണമ്പടിയ്ക്കൽ റെറി. സി. ജോർജ്ജ് കശ്ശീശാ B. A. L. T

വികാരി

സെന്റു് സൈമൺസ് പള്ളി

വെള്ളൂർ, പാമ്പാടി.

15-12-1953

മലബാർ ഭദ്രാസന സന്ദർശനം.

[ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്.]

പെരുന്തൽമണ്ണ്, 1-1-1954.

ജീപ്പിലാണ് നിലമ്പൂരുനിന്നു പട്ടാമ്പികൂടി ഞങ്ങൾ കുന്നംകുളത്തേക്കു പോയതു്. കാറിനേക്കാൾ ജീപ്പിനുള്ള ഗുണം, അതു കുണ്ടും കുഴിയും തോടും കുന്നും എളുപ്പത്തിൽ ഇറങ്ങിക്കയറും എന്നുള്ളതാണ്. പട്ടാമ്പിയിൽ ഭാരതപ്പുഴയുടെ മണൽപ്പുറത്തുകൂടി വേഗം അക്കരെ കടന്നു. പിന്നെ കുന്നംകുളത്തേക്കു 14 മൈലാണ് ഉള്ളതു്. പത്രോസ് പാത്രിയർക്കീസു ബാവാ പട്ടാമ്പിയിൽനിന്നാണ് കുന്നംകുളത്തു എത്തിയതു്. അബ്ദൽ മിശിഹാ പാത്രിയർക്കീസുബാവായുടെ കുന്നംകുളത്തേക്കുള്ള വരവിൽ പട്ടാമ്പിമുതൽ കൊച്ചി മഹാരാജാവിന്റെ പട്ടാളം കമാണ്ടർ ആയിരുന്ന എം. എ. ചാക്കോ കുതിരപ്പുറത്തു അകമ്പടി സേവിച്ചു. കുന്നംകുളത്തു മാർ ഗ്രീഗോറിയോസ് മെമ്മോറിയൽ കൺവൻഷൻ യോഗങ്ങൾ സന്ധ്യതോറും മൂന്നു ദിവസത്തേക്കുണ്ടായിരുന്നു. ഇരുപത്തഞ്ചു നോമ്പിൽ ആത്താറു് നോമ്പെടുക്കുന്ന സ്ത്രീകൾക്കു് ധ്യാനവും നടക്കുന്നുണ്ടായിരുന്നു. പത്തനാപുരം താബോർമഠത്തിലെ രണ്ടു കന്യാസ്ത്രീകൾ കുന്നംകുളത്തെ സ്ത്രീകൾക്കു നല്ല സേവനം നടത്തിക്കൊണ്ടിരിക്കുന്നു. ഞാൻ ആത്താറു കുർബാന ചൊല്ലിയശേഷം പഴയപള്ളി സണ്ടേസ്കൂൾ കുട്ടികൾക്കു് സമ്മാനദാനം നടത്തി. തിങ്കളാഴ്ച എന്റെ പഴയ സ്നേഹിതൻ പരേതനായ പുലിക്കോട്ടിൽ ഇട്ടൂപ്പിന്റെ ശ്രാദ്ധകുർബാന ചൊല്ലുകയും പരുമല ബാവാ സ്ഥാപിച്ചതും താമസിച്ചതുമായ കുരിശുപള്ളിയിലെ പ്രസംഗയോഗത്തിൽ സംബന്ധിക്കയും ചെയ്തശേഷം നിലമ്പൂർക്കുതന്നെ മടങ്ങി. കൺവൻഷൻ മുതലായ ആത്മീയ പ്രവർത്തനങ്ങൾക്കായിദിവ്യശ്രീജോസപ്പച്ചനെഅഭിനന്ദിക്കേണ്ടിയിരിക്കുന്നു. കുന്നംകുളം ആത്താറു് എട്ടു പട്ടക്കാർ ഐകമത്യത്തോടെ അന്യോന്യം സഹകരിച്ചു പ്രവർത്തിക്കുന്നതിൽ എനിക്കു സന്തോഷമുണ്ടായി. ബുധനാഴ്ചയാണ് എടക്കരെ ദൈവമാതാവിന്റെ നാമത്തിൽ പള്ളി സ്ഥാപിച്ചു് കുർബാന ചൊല്ലിയതു്. ഇവിടെ മാവേലിക്കര മാമ്മൂട്ടിൽ ജോർജ്, പാലക്കുഴ വാളായികുടുംബം, കുഴിമറ്റത്തുകാർ മുതൽപേർ ഇടവകക്കാരാകുന്നു. ഒരു ഈഴവസ്ത്രീയും കുട്ടിയും മാമോദീസാ മുങ്ങി. കുർബാനയ്ക്കു ശേഷം കിഴക്കുവശത്തു കുരിശു സ്ഥാപിച്ചു ശവക്കോട്ട കൂദാശചെയ്തു. യൽദോ പെരുനാൾ നിലമ്പൂരുകഴിച്ചു് ഞങ്ങൾ ഇങ്ങോട്ടു പോന്നു.

എനിക്കു ഇന്നു കിട്ടിയ 1953 ഡിസംബർ 20-ാംനു-യിലെ ചർച്ചുവീക്കിലിയിൽ, ഇംഗ്ലീഷ് സഭയിൽനിന്നു നമ്മുടെ സഭയിൽ ചേർന്ന ഫാദർ ജാക്സന്റെ രസകരമായ ഇംഗ്ലീഷ്‌ലേഖനം വായിച്ചു. അദ്ദേഹം ഒരു സിറിയൻ ബിഷപ്പിന്റെ കൂടെ ഒരുദിവസം താമസിച്ചു എന്നും ഇരുനൂറുവാര ദൂരെയുള്ള പള്ളി കാണുന്നതിനു തന്റെകൂടെ അദ്ദേഹവും പോരാമോ എന്നു ചോദിച്ചപ്പോൾ മെത്രാന്മാർ അങ്ങനെ ഇറങ്ങിനടക്കുക പതിവില്ലെന്നു അദ്ദേഹം പറഞ്ഞു എന്നും എഴുതിയിരിക്കുന്നു. നമ്മുടെ കർത്താവു അങ്ങനെ പറയുമായിരുന്നുവോ എന്നു ഫാദർ ജാക്സൻ ചോദിച്ചു. സാധാരണ മനുഷ്യൻ കർത്താവിന്റെ ചുറ്റും വരുമ്പോഴും, താൻ അവരോടു് ഇടപെടുമ്പോഴും, സ്വജാതിക്കാരോടും പുറജാതിക്കാരോടും സ്വർഗ്ഗരാജ്യത്തെപ്പറ്റി സംസാരിക്കുമ്പോഴും താൻ സന്തോഷിക്കയായിരുന്നു ചെയ്തതു്. താൻ അവർക്കുവേണ്ടി ജീവിച്ചു, അവർക്കുവേണ്ടി മരിച്ചു. പക്കൻഹാംവാൽഷ്. ബിഷപ്പിനെ ഇന്ത്യാക്കാരും ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ ഉള്ളവരും എത്ര അധികമായി സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു! അദ്ദേഹം ആരും കൂടെയില്ലാതെ പല സ്ഥലങ്ങളിലേക്കും നടന്നുപോകുന്നു. പണമുണ്ടായിട്ടും കാർ വാങ്ങിക്കുന്നില്ല. വ്യായാമത്തിനു സ്വല്പം നടന്നില്ലെങ്കിൽ പിത്തം പിടിയ്ക്കയില്ലേ? അപ്പോൾ നമ്മുടെ ആളുകൾ പറയും, "അദ്ദേഹം വെള്ളക്കാരനാണ്, നമ്മുടെ മെത്രാന്മാർക്കു് അങ്ങനെ പാടില്ല." എന്തുകൊണ്ടു പാടില്ല? രണ്ടു മാസം മുമ്പു കർമ്മേൽ ദയറായിൽനിന്നു രണ്ടു നാഴിക ദൂരെ മുളന്തുരുത്തി പെരുമ്പിള്ളിയിൽ ഒരു വയസ്സൻ പുതുക്രിസ്ത്യാനി വയറു വീർത്തു് മരണക്കിടക്കയിൽ കിടന്നിരുന്നു. ഒരു സ്ലീബാദാസനോടുകൂടി ഞാൻ നടന്നുപോയി അയാൾക്കു് തൈലം പൂശി. "തിരുമേനി വന്നു് എന്നെ കണ്ടല്ലോ, ഇനി ഞാൻ ആശ്വാസത്തോടെ മരിക്കു"മെന്നു് വൃദ്ധൻ കണ്ണുനീരോടെ പറഞ്ഞു. ഒരു കാറെടുത്തു പോകാമായിരുന്നില്ലേ, എന്നു ആളുകൾ പിറുപിറുത്തു. മൂക്കഞ്ചേരി മെത്രാച്ചൻ മെത്രാന്മാരുടെ വിലകളയുന്നു എന്നു പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സിലേക്കു കോട്ടയത്തേക്കു ആരോ എഴുതിയെന്നു കേട്ടു. വാസ്തവത്തിൽ വിലകളയുന്നതു് മദ്യപാനം, വ്യഭിചാരം, ധിക്കാരം, അത്യാഗ്രഹം മുതലായവയാണ്. നമ്മുടെ ജനങ്ങളുടെ മദ്ധ്യേയും രാണ ജാതിക്കാരുടെ ഇടയിലും നമ്മുടെ കർത്താവിനെപ്പോലെ നടന്നു് സേവനം ചെയ്യുന്നതിന്റെ മാഹാത്മ്യവും ഭാഗ്യവും അറിയാത്തവരാണ് ഈ പിറുപിറുപ്പുകാർ. മേപ്പാടിയിൽനിന്നു നീലഗിരിക്കു പോകുവാൻ നാല്പതു രൂപാ കൊടുത്തു് എനിക്കു സ്പെഷ്യൽ കാർ വേണമോ, അതോ രണ്ടു രൂപാ കൊടുത്തു് ഞാൻ ബസ്സിൽ സുഖമായി മുൻസീറ്റിൽ പോകണമോ? ഞാൻ മുമ്പുകൂട്ടി ബുക്കുചെയ്തു് ബസ്സിലാണ് പോയതു്. എക്സ്പ്രസ്സിനു അന്തസ്സു കുറവില്ല. ഞാൻ ലാഭിച്ച മുപ്പത്തെട്ടുരൂപയുടെ അരിയുണ്ടെങ്കിൽ എത്ര പട്ടിണിപ്പാവങ്ങൾക്കു ഭക്ഷണമായി, നഗ്നരായ എത്ര അധഃകൃത വിധവകൾക്കു വസ്ത്രമായി? ഇതൊന്നും ആലോചിക്കാതെ നാം അന്തസ്സു പാലിപ്പാൻ മാത്രം ബദ്ധപ്പെട്ടാൽ നമ്മുടെ കർത്താവിന്റെ ന്യായവിധിക്കു പാത്രവാന്മാരാകും, സംശയമില്ല.

പെരുന്തൽമണ്ണ് സുറിയാനിപള്ളിയിൽനിന്നു ഏഴു നാഴിക ദൂരമുള്ള കെ. സി. മാമ്മൻമാപ്പിളയുടെ രണ്ടായിരം ഏക്കറുള്ള നെന്മേനിത്തോട്ടത്തിലെ ബംഗ്ലാവിലാണ് ഞങ്ങൾ താമസിക്കുന്നതു്. രണ്ടു കൊല്ലം മുമ്പ് പ്രധാനറോഡിൽക്കൂടി ഞാൻ ബസ്സിൽ കടന്നുപോയപ്പോൾ, തേങ്ങ്, റബർ, കുരുമുളകു്, മുതലായവ വളരുന്ന നെന്മേനിമല ദൂരെനിന്നു കണ്ടതേയുള്ളു. അന്നു് ഈ പ്രദേശത്തു് നമുക്കു പള്ളിയുണ്ടായിരുന്നില്ല. മാമ്മൻമാപ്പിളയുടെ പൌത്രൻ മാമ്മൻവറുഗീസാണ് തോട്ടം സൂപ്രണ്ടു്. സൽസ്വഭാവിയായ ഈ യുവാവാണ് പള്ളിയുടെ ട്രസ്റ്റി. കൂട്ടുട്രസ്റ്റിയായി കല്ലൂപ്പാറക്കാരൻ എം. പി. ചെറിയാനുമുണ്ടു്. വാകത്താനത്തുകാരൻ ഇട്ടിഐപ്പും മററുമാണ് പള്ളിക്കു സ്ഥലം കൊടുത്തതു്. മാർ ഗീവറുഗീസ് സഹദായുടെ നാമത്തിലുള്ള പള്ളിയിൽ മുപ്പതു വീട്ടുകാരുണ്ടു്. കാറ[illegible]ന്റെ ശക്തികൊണ്ടു് മദ്ബഹായി[illegible] മെഴുകുതിരികത്തുവാൻ പ്രയാസമ[illegible] കുർബാന കഴിഞ്ഞു ജനത്തിനു ക[illegible] കൊടുക്കുകയും പൊതുയോഗം കൂട്ട[illegible] ചെയ്തു. സന്ധ്യക്കു തോട്ടത്തി[illegible]

ഒരു ചെറിയ കുടുംബയോഗം നടത്തി. ഇടവകക്കാരുടെ ആഗ്രഹപ്രകാരം പട്ടണത്തിൽ തീവണ്ടിസ്റ്റേഷനു സമീപം ഹിന്ദുക്കൾക്കും മഹമ്മദീയർക്കും നമ്മുടെ ജനങ്ങൾക്കുമായി നടത്തിയ വെളിയോഗത്തിൽ യേശുമിശിഹാമൂലം ലോകർക്കുള്ള നന്മയെപ്പററി പ്രസംഗിച്ചു. തിരുവിതാംകൂറിൽ നിന്നും കൊച്ചിയിൽ നിന്നും കുടിയേറിപ്പാർക്കുന്ന "ചേട്ടന്മാ"ർക്ക് ഒരു നായകനുണ്ടെന്ന് ഈ നാട്ടുകാർ ഗ്രഹിച്ചു.

ശ്രീ മാമ്മൻമാപ്പിളയെപ്പററി
അനുസ്മരണ

പുളിയക്കോട്ട്, 5-1-1954—കുരിരുട്ടത്തു പ്രകാശമുള്ള രണ്ടു കണ്ണുകൾ കുറിച്ചിറമല, നാലായിരം അടി ഉയരം, വൻകാട്. തണുപ്പുള്ള രാത്രി ഒമ്പതുമണി സമയം. ഞങ്ങൾ താമസിക്കുന്ന ബംഗ്ലാവിലെ വേലക്കാർ കണ്ട കാഴ്ച ഞങ്ങളെ അറിയിച്ചു. ഉടനെ യുവാവായ പ്ലാന്റർ ഐസക്ക് തോക്കുകളിലൊന്നു നിറച്ച് വേലക്കാരോടുകൂടി പുറത്തേക്കിറങ്ങി. ഠേ എന്നൊരു വെടി പൊട്ടി. ഉൽക്കണ്ഠയോടെ ഞങ്ങൾ ബംഗ്ലാവിൽ കാത്തിരിക്കയാണ്. ഠേ എന്നു വീണ്ടും വെടി. സ്വല്പം കഴിഞ്ഞപ്പോൾ ഒരു തടിയൻ വള്ളിപ്പുലിയെ വലിച്ചുകൊണ്ടു വന്നു മുററത്തിട്ടു. പിറേറദിവസം മേശപ്പുറത്തു വന്ന അതിന്റെ മാംസം മറെറല്ലാവരും കൂടി ഭക്ഷിക്കയുണ്ടായി.

മലബാർ ലഹളയിൽ ബ്രിട്ടീഷ് പട്ടാളത്തിൽ അനേകം മഹമ്മദീയർ വെടിയേററു കൊല്ലപ്പെട്ട പെരുന്തൽമണ്ണയിൽനിന്നു, മാവേലിക്കര ഇടവക മലബാറിനു സംഭാവനചെയ്ത പുളിയക്കോട്ടു മാർ ഗീവറുഗീസ് സഹദായുടെ പള്ളിയിലേക്കു ഞങ്ങൾ വന്നു. (മാവേലിക്കരക്കാരുടെ ഔദാര്യമായ ദൃഷ്ടാന്തം ധനമുള്ള നമ്മുടെ മററു വലിയ പള്ളികൾ പിന്തുടരാത്തതു എന്ത്?) പ്രധാന റോഡിൽ നിന്നു ഒരു നാഴിക കിഴക്കോട്ടു ജനം ആഘോഷമായി എതിരേററു. പാമ്പാക്കുട, ഊരമന, അയിരൂർ മുതലായ ഇടവകക്കാരാണു ഇവിടുത്തെ 41 കുടിയേററ കുടുംബങ്ങൾ. വാ[illegible]കം ചെറുകുഴി പൈലയാണു കൈക്കാരൻ. ഞായറാഴ്ച കുർബാനകഴിഞ്ഞ് പൊതുയോഗവും സൺഡേസ്കൂൾ സന്ദർശനവും സന്ധ്യക്കു നമസ്കാരത്തോടുകൂടി പ്രസംഗവും ഉണ്ടായിരുന്നു. [illegible]മുറിയുടെ ശിലാസ്ഥാപനവും പ[illegible]ബാവായുടെ നാമത്തിൽ കിഴക്കുവ[illegible] കുരിശുസ്ഥാപനവും ഞാൻ നട[illegible] രണ്ടു കുടുംബയോഗങ്ങളും ദനഹാപെരുനാളും കഴിഞ്ഞാണു ഞങ്ങൾ ഒലവക്കോട്ടിനു അടുത്ത മുട്ടുകരിശ്ശിങ്കൽ പോകുന്നതു്. കഞ്ഞിരമററം കാടാപുരം ഇട്ടൻജോർജ്ജാണു പുതിയതായി ഞാൻ സ്ഥാപിക്കുന്ന ചുള്ളിപ്പാറപ്പള്ളിയുടെ കൈക്കാരൻ. വടകര മുതലായ സ്ഥലങ്ങളിൽനിന്നു ഇവിടേയും പരിസരങ്ങളിലുമായി നമുക്കു മുപ്പതു വീട്ടുകാരുണ്ട്. നമ്മുടെ കോയമ്പത്തൂർ തടാകം ആശ്രമത്തിന്റെ ഒരു ശാഖ അട്ടപ്പാടിമലകടന്നു തെങ്കരയിൽ സ്ഥാപിച്ചിട്ടുണ്ട്. അവിടെ ആശ്രമത്തിൽനിന്നു ചിലപ്പോൾ ആചാര്യൻ ഫാദർ കെ. സി. വറുഗീസ് വന്നു കുർബാന ചൊല്ലും. ആ അവസരത്തിൽ അഞ്ചാറുനാഴിക നടന്നുപോയി ചുള്ളിപ്പാറക്കാർ കുർബാന കാണും. പുതിയപള്ളിമൂലം അവർക്കു ഈ നടപ്പു ലാഭമായി.

ഈ മലബാർ യാത്രയിലാണു 80 വയസ്സുള്ള, നമ്മുടെ സഭയുടെ നായകനായ പരിശുദ്ധ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ടു സുഖക്കേടായി വെല്ലൂർക്കു പോയെന്നും, 80 വയസ്സുള്ള മലയാളമനോരമ പത്രാധിപർ കെ. സി. മാമ്മൻമാപ്പിള ചരമം പ്രാപിച്ചു എന്നുമുള്ള മർമ്മഭേദകമായ വർത്തമാനങ്ങൾ ഞങ്ങൾക്കു ലഭിച്ചതു. രണ്ടുപേർക്കും വേണ്ടി പള്ളിയ്ക്കകത്തു പ്രാർത്ഥനനടത്തി. വല്യപ്പൻ കോട്ടയത്തു മരിച്ചുകിടക്കുന്നതും പ്രസിദ്ധമായ മനോരമപ്രസ്സിന്റെ പരിസരങ്ങൾ ജനക്കൂട്ടംകൊണ്ടു നിറഞ്ഞിരിക്കുന്നതും അറിയാതെ പൌത്രൻ മാമ്മൻ വറുഗീസ് തന്റെ മോട്ടോർവാനിൽ ആഹ്ലാദപൂർവം ഞങ്ങളെ പുളിയക്കോട്ടേക്കു ഓടിച്ചുകൊണ്ടു വരികയും ഞങ്ങളുടെ എതിരേൽപിൽ പങ്കുകൊള്ളുകയും ചെയ്തു. അപ്പന്റെ അടുക്കലേക്കു മൈസൂറിലേക്കു വാൻഓടിച്ചുപോയ ആ യുവാവു എവിടെ വച്ചു മരണവാർത്ത ഗ്രഹിച്ചു എന്നറിയുന്നില്ല. വൈകുന്നേരമാണു പുളിയക്കോട്ടു മരണവാർത്തലഭിച്ചതു്. കഴിഞ്ഞകൊല്ലം ഞാൻ തെക്കൻ പുതുക്രിസ്ത്യാനികളെ സന്ദർശിപ്പാൻ പോയ അവസരത്തിൽ കോട്ടയത്തു പ്രസ്സിൽകയറി ആരോഗ്യം എങ്ങനെയിരിക്കുന്നു എന്നുമാമ്മൻമാപ്പിളയോടു ചോദിക്കയുണ്ടായി. "തമ്പാച്ചാ ഒരുദിവസംകേൾക്കാംകണ്ണടഞ്ഞെന്നു" എന്നു അദ്ദേഹംമറുപടിനല്കുകയും രണ്ടു പേരും ഒരുമിച്ചു ചായ കുടിയ്ക്കുകയും ചെയ്തു. കഷ്ടം, മഹാനായ മാമ്മന്റെ കണ്ണടഞ്ഞു. അദ്ദേഹം മരിച്ചെങ്കിലും ജീവിക്കുന്നു. സുറിയാനിസഭയുടെ സ്വാതന്ത്ര്യത്തിനും പുരോഗമനത്തിനും യോജിപ്പിനുമായി ഇത്രയധികം പ്രയാസപ്പെട്ട ഒരാൾ വേറെയില്ല. അബ്ദുള്ളാ പാത്രിയർക്കീസ് സുറിയാനിസഭാഭാസുരൻ മാർ ഗീവറുഗീസ് ദീവന്നാസ്യോസിനു് മുടക്കാൻ ഒരുങ്ങിയ ഞായറാഴ്ച ജനസമുദ്രത്തിന്റെ മദ്ധ്യേ പഴയസിമ്മനാരിയിൽവച്ചു മാമ്മൻ മെത്രാപ്പോലീത്തായ്ക്കു ചീയേഴ്സ് വിളിച്ചതും ദീർഘകായനായ പാത്രിയർക്കീസ് തന്റെ കയ്യിലിരുന്നവടി മാമ്മന്റെ നേരെ ഓങ്ങിയതും മററും എങ്ങനെമറക്കും. ഭക്തനും പരോപകാരിയും ആയിരുന്ന മാമ്മനു ദൈവം പരലോകത്തിൽ ഒരു നല്ല സ്ഥാനം നൽകുമെന്നാണു എന്റെ ദൃഢമായ വിശ്വാസം.

വാര പഞ്ചാംഗം

ജനുവരി മകരം

ഞായർ	10	26
തിങ്കൾ	11	27
ചൊവ്വാ	12	28
ബുധൻ	13	29
വ്യാഴം	14	1
വെള്ളി	15	2
ശനി	16	3

Thought for the Week

I can see no goob in Beauty which no one at all perceives—neither man, nor angel nor God. A beautful objiet is only a potentiality of good until it is perceived and appruiated.

Archbishop Tample.

THE CHURCH WEEKLY

ദിവംഗതനായ ശ്രീ കെ. സി. മാമ്മൻമാപ്പിള.

അമേരിക്കയിലെ പ്രസിദ്ധ വ്യവസായ ചക്രവൎത്തികളായിരുന്ന റോക്ക്ഫെല്ലർ, ഫോർഡ്, കാർണഗി എന്നിവരോ ഇംഗ്ലണ്ടിലെ പത്രവ്യവസായ പ്രഭുക്കളായിരുന്ന ബീവർ ബ്രൂക്ക് നോത്ത്ക്ലിഫ് എന്നിവരോ ജർമ്മനിയിലെ ബാങ്കിംഗ് കോടീശ്വരനായിരുന്ന റോത്ത്സ്ചൈൽഡ് എന്ന യഹൂദനോ ഉത്തരേന്ത്യയിലെ പണ്ഡിററ് മോട്ടിലാൽ നെഹ്റുവോ, സി. ആർ. ദാസോ നമ്മുടെ തിരുവിതാംകൂർ രാജ്യത്താണ ജനിക്കാനിടയായിരുന്നതെങ്കിൽ അവർക്കാർക്കും ശ്രീ കെ. സി. മാമ്മൻ മാപ്പിളയെക്കാൾ വളരുവാനുള്ള സാഹചര്യം ഇവിടെ ലഭിക്കുമായിരുന്നില്ല. മറെറാരു വിധത്തിൽ പറഞ്ഞാൽ ശ്രീ കെ. സി. മാമ്മൻ മാപ്പിള മേൽപ്പറഞ്ഞ രാജ്യങ്ങളിലേതിലെങ്കിലുമാണ ജനിക്കാനിടയായിരുന്നതെങ്കിൽ ആ മഹാരഥന്മാരുടെ ഗണത്തിൽ അദ്ദേഹം നിഷ്പ്രയാസം ഉൾപ്പെട്ടുമായിരുന്നു. കഴിഞ്ഞ അര ശതാബ്ദകാലത്തെ തിരുവിതാംകൂർ ചരിത്രം ശ്രീ മാമ്മൻമാപ്പിളയുടെ ജീവിതകഥയാണ്. 19-ാം ശതാബ്ദത്തിലെ യൂറോപ്യൻ രാജ്യങ്ങളിൽ വ്യാവസായികവും വ്യാപാരപരവുമായ ഒരുണർവ്വ് ലഭിച്ചതു പോലെയാണ ശ്രീ മാമ്മൻ മാപ്പിളയുടെ പത്രപ്രവൎത്തനവും, ബാങ്കും, പ്ലാന്റേഷൻ സംരംഭങ്ങളും, കായൽകൃഷിയും മററുള്ളവർക്ക് ഈവക പ്രസ്ഥാനങ്ങളിലെല്ലാം പ്രചോദനം നൽകിയത്. എന്നാൽ ഈദൃശസംരംഭങ്ങളിലും ഇവിടത്തെ രാഷ്ട്രീയജീവിതത്തിലും, സാമുദായികകാര്യങ്ങളിലും അദ്ദേഹം നൽകിയ മഹത്തായ സംഭാവനകൾ സുപ്രസിദ്ധങ്ങളാകയാൽ, അത്രയധികം മററുള്ളവർ ശ്രദ്ധിക്കാനിടയില്ലാത്ത അദ്ദേഹത്തിന്റെ ഒരു ജീവിതവശത്തേക്കു ദൃഷ്ടി പതിപ്പിക്കുവാനാണ ഞങ്ങൾ ഉദ്യമിക്കുന്നത്. ബാങ്കിംഗും കൃഷിയും വ്യവസായവുമായി കഴിയുന്ന ഒരു വ്യക്തിക്കു പ്രാൎത്ഥിക്കാൻ സമയം കിട്ടുമോ? ഐശ്വര്യസമൃദ്ധികളാൽ അനുഗ്രഹീതരാകുന്ന വ്യക്തികളുടെ ഗൃഹങ്ങളിൽ ചെല്ലുന്നവർക്കു, പ്രായേണ ലഭിക്കാത്ത ഒരനുഭവമാണ ശ്രീ മാമ്മൻ മാപ്പിളയുടെ ഗൃഹത്തിൽ അതിഥികളായും മററും താമസിക്കുന്നവർക്കു ലഭിക്കുന്നത്. കുടുംബാംഗങ്ങളോടൊന്നിച്ച് അദ്ദേഹം കുടുംബപ്രാൎത്ഥനകൾ നയിക്കുന്നതിൽ സംബന്ധിക്കുവാനിടയായിട്ടുള്ളവർക്കു വിസ്മരിക്കുവാനാവാത്ത ഒരു ആദ്ധ്യാത്മികപ്രചോദനമാണ് അതുമൂലം ലഭിച്ചിട്ടുള്ളത്. പ്രാൎത്ഥനകൾ ചൊല്ലിത്തീർക്കുന്നതിൽ സ്പീഡ് ഒരു വിശേഷഗുണമായി കരുതിയിരിക്കുന്ന സുറിയാനി ഗൃഹങ്ങളിൽ പരിചയിച്ചിട്ടുള്ളവർക്ക് അദ്ദേഹത്തിന്റെ പ്രാൎത്ഥനകൾ ഒരു പുതുമയായിത്തന്നെ തോന്നും. വളരെ മിതമായ സ്വരത്തിലും, ഭക്തിപൂർവ്വവും നിന്നു ചില പ്രാൎത്ഥനകൾ മക്കൾക്ക് ചൊല്ലിക്കൊടുത്തും ചിലവ തനിയെ ചൊല്ലിയും യാക്കോബായ സുറിയാനി സഭയിലെ സന്ധ്യാനമസ്കാരക്രമം അനുസരിച്ചുള്ള പ്രാൎത്ഥനകൾ, കൌമാകളുടെ തികക്കലും കുമ്പിടീലിന്റെ ബഹളങ്ങളും ഒന്നും കൂടാതെ അദ്ദേഹം നടത്തുന്നതു കണ്ടിട്ടുള്ളവർക്ക് അഗാധവും സുദൃഢവുമായ ഈശ്വരവിശ്വാസത്തിന്റെ പ്രതീതിയാണ ലഭിച്ചിട്ടുള്ളത്. പുണ്യവതിയായിരുന്ന അദ്ദേഹത്തിന്റെ സഹധർമ്മിണിയും ഉത്തമസന്താനങ്ങളുമൊരുമിച്ചുള്ള അദ്ദേഹത്തിന്റെ ഗാർഹികജീവിതം തികച്ചും സൌഭാഗ്യസമ്പൂർണ്ണമായിരുന്നതിന്റെ രഹസ്യവുമതായിരുന്നു. ധനപ്രതാപങ്ങളുടെ കൂടപ്പിറപ്പായ തണ്ടും, ധിക്കാരവും, മദ്യപാനാസക്തിയും മററു ദുർമ്മാർഗ്ഗങ്ങളും അദ്ദേഹത്തിന്റെ പാവനമായ ഗൃഹാന്തരീക്ഷത്തെ തീണ്ടുക പോലും ചെയ്യാതിരുന്നത് ഈ അടിയുറച്ച ദൈവവിശ്വാസത്തിന്റെയും അതുമൂലം സംജാതമാകുന്ന വിനയസ്വഭാവത്തിന്റെയും ഫലമായിരുന്നു. "ലക്ഷം മാനുഷർ കൂടീടുമ്പോൾ ലക്ഷണമൊത്തതിലൊന്നോ രണ്ടോ" എന്നു കുഞ്ചൻ നമ്പ്യാർ പാടിയിട്ടുണ്ട്. ധനമുള്ളവർക്ക് ആരോഗ്യമില്ല, സുന്ദരമായ ആകാരഭംഗിയുള്ളവർക്കു തലയിൽ ബുദ്ധിയൊന്നുമില്ല. ബുദ്ധിശാലിയുടെ മക്കളെല്ലാം തോന്ന്യാസക്കാരും ദുർമ്മാർഗ്ഗികളും! ഇങ്ങനെയുള്ള പൊരുത്തക്കേടുകളല്ലാതെ സാധാരണ ജീവിതത്തിൽ നാം കാണാറില്ല. ശ്രീ മാമ്മൻ മാപ്പിളയെ സംബന്ധിച്ചു പറഞ്ഞാൽ അദ്ദേഹം ആ ലക്ഷത്തിലൊരാൾ തന്നെയാണെന്നുള്ളതു നിസ്സംശയമാണ്. സുന്ദരമോഹനമായ അദ്ദേഹത്തിന്റെ മുഖവും ഗംഭീരനിലപാട്ടും കാണുന്നവരിൽ അറിയാത്തവർ അതാരാണെന്നൊന്നന്വേഷിക്കാതിരിക്കയില്ല. ഇംഗ്ലീഷിൽ Personality എന്നു പറയുന്ന വ്യക്തിപ്രഭാവത്തിന്റെ നിദാനം സ്വഭാവവൈശിഷ്ട്യവും ഉത്തമചിന്തകളുമാണെന്നു മനശ്ശാസ്ത്രവിദഗ്ദ്ധന്മാർ പറയാറുണ്ട്. അദ്ദേഹത്തിന്റെ അനുഗൃഹീതമായ ബുദ്ധിവൈഭവം സൃഷ്ടിപരമായ അനേകം പ്രസ്ഥാനങ്ങളിലേക്ക് അങ്ങു തിരിഞ്ഞിട്ടുള്ളത്. ധനമാർജ്ജിക്കാനുള്ള അദ്ദേഹത്തിന്റെ വിവിധ സംരംഭങ്ങളിലെല്ലാം തന്റെ അനേക ബന്ധുമിത്രാദികളെയെല്ലാം കരകയററിക്കൊണ്ടാണ് അദ്ദേഹം പുരോഗമിച്ചിട്ടുള്ളത്. അന്യരിൽ ആത്മാൎത്ഥമായ താല്പര്യം ഇത്രമാത്രം പ്രദർശിപ്പിച്ചിട്ടുള്ളവർ ദുർല്ലഭമാണ്. ലോകചരിത്രത്തിൽ ഇത്രയധികം പാണ്ഡിത്യമുണ്ടായിരുന്ന ശ്രീ മാമ്മൻ മാപ്പിളയ്ക്കു താൻ ഏതെങ്കിലും വിധത്തിൽ ഇടപെടുവാനോ, കേൾക്കുവാനോ ഇടയായിട്ടുള്ള കുടുംബങ്ങളെപ്പററിയുള്ള ചരിത്രമെല്ലാം നാവെപാഠമാണ്. തന്റെ വിദൂരബന്ധത്തിൽ പോലുമുള്ള ഒരു സ്ത്രീ അദ്ദേഹത്തെ കാണാൻ ചെന്നാൽ പത്തു കൊല്ലം മുമ്പു കണ്ടപ്പോൾ ഇത്ര മക്കൾ, അതിൽ ഇത്ര ആണ്, ഇത്ര പെണ്ണ്, എന്നൊക്കെ അദ്ദേഹം അറിഞ്ഞുവെച്ചിട്ടുള്ളവരെപ്പററിയെല്ലാം അദ്ദേഹം എടുത്തെടുത്തു ചോദിക്കുന്നതു ഒന്നു കേൾക്കേണ്ടതു തന്നെയാണ്. അത്ഭുതകരമായ ഈ ഓർമ്മശക്തിയെപ്പററി പലരും വ
സ്മയം പ്രദർശിപ്പിക്കാറുണ്ട്.
തിന്റെ രഹസ്യം മറെറാന്നുമല്ല.
മുക്ക് അത്യധികം താല്പര്യമുള്ള സ
തികൾ നാം മറക്കാറില്ല. ഓരോ
ക്തിയിലും ആത്മാർത്ഥമായ താല്പ
ള്ളവർ അവരെപ്പററിയുള്ള വിവ
ളും ഓർത്തിരിക്കും. മഹാത്മാ
പ്രസിദ്ധമായ ക്ഷേത്രപ്രവേശന
ബരത്തിനു ശേഷം തിരുവി
സന്ദർശിച്ചു. തിരുവനന്തപു

ത്തൻകച്ചേരി മൈതാനത്ത് അന്ന് അദ്ദേഹത്തിനു ലഭിച്ച വമ്പിച്ച സ്വീകരണവും ഒന്നര ലക്ഷത്തിലധികം ആളുകൾ സംബന്ധിച്ച മഹായോഗവും ഗാന്ധി കി ജെ വിളികളും കഴിഞ്ഞു രാത്രി പത്തു മണിയായപ്പോൾ അദ്ദേഹം ഗസ്റ്റ് ഹൗസിലെത്തി. ആരുടെയും തലതിരിക്കുന്ന ഒരു ആരാധനാപ്രകടനമാണ് അന്ന് അദ്ദേഹത്തിനു കിട്ടിയതെങ്കിലും താമസസ്ഥലത്തു തിരിച്ചെത്തിയ ഉടനെ മി. എസ്. കെ. ജോർജ്ജിന്റെ വീടറിയുന്നവർ ആരെങ്കിലും അവിടെയുണ്ടോ എന്നാണദ്ദേഹം അന്വേഷിച്ചത്. അറിയാവുന്ന ഒരാളെയും കൂട്ടി രണ്ടുമൂന്നു ഫർലോങ്ങ് വടിയും കുത്തി നടന്നു വൃദ്ധൻ രാത്രി 11 മണിക്കു മി. ജോർജ്ജിന്റെ വീട്ടിലെത്തിയതും ആയിടയ്ക്കു മരിച്ച അവരുടെ പ്രിയ കൊച്ചുമകനെപ്പറ്റി അന്വേഷിച്ചതും മിസ്സിസ് ജോർജ്ജിനെ സ്വാന്തനവാക്കുകൾ കൊണ്ട് ആശ്വസിപ്പിച്ചതും അധികമാരും അറിഞ്ഞിരിക്കയില്ല. പിറ്റെ ദിവസം പ്രഭാതത്തിൽ തന്നെ തിരുവനന്തപുരം വിടേണ്ടിയിരുന്ന മഹാത്മജി ആ രാത്രി തന്നെ ധനപ്രതാപമോ ഉദ്യോഗവലിപ്പമോ ഒന്നുമില്ലാത്ത ഒരു സുഹൃത്തിനെ സന്ദർശിക്കുവാൻ പ്രേരിപ്പിച്ച മനോഭാവം എന്തായിരിക്കാം? "മഹാത്മ" എന്നു ലോകം അദ്ദേഹത്തിനു സമർപ്പിച്ച ബിരുദം തികച്ചും അന്വർത്ഥമാക്കിച്ചെയ്യുന്ന ഒരു പ്രവൃത്തിയാണത്. ശ്രീ മാമ്മൻ മാപ്പിളയുടെ ബദ്ധപ്പാടുകളുടെയെല്ലാം ഇടയിൽ വലിപ്പച്ചെറുപ്പം നോക്കാതെ ഇതുപോലെയുള്ള സന്ദർശനങ്ങൾ നടത്തുന്നതിൽ അദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. തന്റെ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ കാര്യം പറയാനില്ല. അവിടെ ജോലി ചെയ്യുന്ന നായന്മാർ പോലും അദ്ദേഹത്തെ "വല്ലിച്ചായൻ" എന്നേ സംബോധന ചെയ്യാറുള്ളു. അത്രമാത്രമുള്ള വാത്സല്യാ...തിരേകത്തിന് അവർ എല്ലാം പാത്രീ...തരായിരുന്നു. ഒരുവിധത്തിൽ അ...ദ്ദേഹത്തിന്റെ വിപുലമായ സ്വാധീന...ക്തിയുടെ രഹസ്യം ഈ വ്യക്തിതാല്പ...മായിരുന്നു. തന്റെ മക്കളുടെ പരി...നകാര്യത്തിലും ഈ താല്പര്യം പ്ര...യിരുന്നു. എട്ട് ആൺമക്കളും ഒരു ...ിയും ഉണ്ടായിരുന്ന അദ്ദേഹത്തി...ഒറ്റ സന്താനമേ തനിക്കുള്ളു ...വിധത്തിലുള്ള വാത്സല്യവും ശ്ര...ന് ഓരോരുത്തരോടും പ്രദർ...ിരുന്നത്. പ്രസിദ്ധ ആംഗ്ലേ...യായിരുന്ന മാത്യു ആർനോൾ...ിപ്പറയും അദ്ദേഹം "So-hrab and Rustom" എന്ന കവിതയുടെ അവസാനത്തെ കുറെ വരികൾ മാത്രമേ എഴുതിയിരുന്നുള്ളുവെന്നു വരികിലും അദ്ദേഹം ഏറ്റവും പ്രശസ്തരായ ലോകകവികളുടെ ഗണത്തിൽ ഉൾപ്പെടുമായിരുന്നുവെന്ന്. ശ്രീ മാമ്മൻമാപ്പിള തന്റെ സന്താനങ്ങളുടെ പരിശീലനത്തിൽ നൽകിയ ശ്രദ്ധയും താല്പര്യവും കൊണ്ടു മാത്രം നിത്യസ്മരണാർഹനാണെന്നു പറയാം. അദ്ദേഹത്തിന്റെ പരിശീലനമാർഗ്ഗങ്ങളിൽ ഏറ്റവും ഉത്തമമായ രീതി, തന്നെ തന്നെ മാതൃകാപരമായി സ്വയം നിയന്ത്രിക്കുകയായിരുന്നു. അറുപതു് അറുപത്തഞ്ചു വയസ്സു പ്രായമാകുമ്പോൾ സാധാരണ എല്ലാവർക്കും വരുന്നതുപോലെ ശരിയായ വിരേചനസ്സും മറ്റുമുള്ള പ്രയാസങ്ങൾ അദ്ദേഹത്തിനും നേരിട്ടു. ഈ വിവരം തന്റെ മിത്രങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിച്ചുകൊണ്ടിരുന്ന ഒരവസരത്തിൽ അദ്ദേഹം പറയുവാനിടയായി. "അച്ചായൻ അല്പം ബ്രാണ്ടി നിത്യം ഉപയോഗിക്കുന്നതു നല്ലതാണ്" എന്ന് അന്നവിടെ സന്നിഹിതനായിരുന്ന അദ്ദേഹത്തിന്റെ ഒരു ബന്ധുവും ബ്രാണ്ടിയുടെ വിനിയോഗത്തിൽ വിദഗ്ദ്ധനുമായിരുന്ന ഒരു അതിഥി ഉപദേശിച്ചു. "ഞാൻ കുറെ ബ്രാണ്ടി ദിവസവും ഉപയോഗിച്ചുപോയാൽ കുടിയനായിത്തീരുമെന്ന് എനിക്കു ഭയമില്ല. എന്നാൽ ഞാൻ അതു വീട്ടിൽ വരുത്തിവച്ചാൽ പിള്ളേർക്ക് അതേലുള്ള distance (ദൂരം) അങ്ങു പോകും" എന്നാണു ശ്രീ മാമ്മൻ മാപ്പിള മറുപടി പറഞ്ഞത്. സിഗററ്റോ മദ്യമോ ഒന്നും അദ്ദേഹം ഉപയോഗിച്ചിരുന്നില്ല. സിഗററ്റ് മക്കളിൽ ചിലർ ഉപയോഗിക്കുവാൻ തുടങ്ങിയതു വളരെ പ്രായമായ ശേഷമാണ്. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ അതു് ഉപയോഗിക്കുവാൻ മടിച്ചിരുന്ന ഒരു മകനോട് അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നതായി കേട്ടിട്ടുണ്ട്. "നിങ്ങൾ സിഗററ്റു വലിക്കുന്നതു് എനിക്കിഷ്ടമില്ല. എങ്കിലും അതുപയോഗിക്കണമെങ്കിൽ അതു് എന്റെ സാന്നിദ്ധ്യത്തിൽ സ്വാതന്ത്ര്യമായി ഉപയോഗിക്കണമെന്നു എനിക്കു നിർബന്ധമുണ്ട്." തന്റെ അടുക്കൽ മക്കൾക്കുള്ള സ്വാതന്ത്ര്യം വളരെയായിരുന്നെങ്കിലും സ്നേഹമസൃണമായ ഒരു ഭയം മക്കളിൽ ദൃശ്യമാണ്. കുട്ടികളായിരിക്കുമ്പോൾ മദ്രാസിനും മറ്റും പോകുന്നയവസരത്തിൽ അവിടെ വില കുറച്ചു കിട്ടുന്ന ചില സാധനങ്ങൾ വാങ്ങിച്ചുകൊണ്ടുവരാമെന്ന് അദ്ദേഹം ഭരമേൽക്കും. തിരിച്ചു വരുമ്പോൾ ചിലപ്പോൾ മറന്നുപോകുകയാണെങ്കിൽ പ്രിയഭാര്യയുടെ മുട്ടുവായ തടസ്സത്തെ വകവെയ്ക്കാതെ കോട്ടയത്തു് എത്ര വിലക്കൂടുതലാണെങ്കിലും ആ സാധനങ്ങൾ വാങ്ങിക്കൊടുക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. "ഞാൻ അവരോടു പറയുന്ന വാക്കുകൾ പാലിച്ചില്ലെങ്കിൽ അവർ മറ്റുള്ളവരോടു വാക്കുകൾ പാലിക്കുവാൻ പഠിക്കുകയില്ല" എന്നാണദ്ദേഹം അപ്പോൾ പറഞ്ഞിരുന്നതു്. ധൂർത്ത് അദ്ദേഹത്തിനു രണ്ടു കാര്യങ്ങളിലേ ഉണ്ടായിരുന്നുള്ളു. പുസ്തകങ്ങൾ വാങ്ങിക്കുന്നതിലും ഔദാര്യത്തിലും. ഇവ രണ്ടുമൊഴിച്ചാൽ അദ്ദേഹത്തിന്റെ ജീവിതരീതി ലളിതമോഹനമായിരുന്നു. കൊട്ടാരസദൃശങ്ങളായ കെട്ടിടങ്ങൾ നിർമ്മിച്ച് അതിൽ താമസമുറപ്പിക്കുന്നതിന് അദ്ദേഹത്തിനു ഭ്രമമില്ലായിരുന്നു; മനോരമയാപ്പീസിനു പിറകിൽ ആവശ്യമനുസരിച്ച് അപ്പഴപ്പോൾ വികസിപ്പിച്ച് ഗോഡൗൺ മാതൃകയിൽ നീണ്ട ഒരു കെട്ടിടത്തിലായിരുന്നു അദ്ദേഹം താമസിച്ചതു്. ബ്രിട്ടീഷ് കിരീടം ഒരു സ്ത്രീക്കുവേണ്ടി വലിച്ചെറിഞ്ഞ എഡ്വേർഡ് എട്ടാമന്റെ പ്രഖ്യാപനം ശ്രവിച്ചപ്പോൾ കുപ്പപ്പുറത്തെ നാലായിരപ്പറ കണ്ടം വിതച്ചുകഴിഞ്ഞയുടനെ മട വീണു എന്നു കേട്ടാലുണ്ടാകുന്ന ശ്വാസംമുട്ടലോടെ സ്വന്തംകാര്യംപോലെ ശ്രവിച്ച രാജ്യതന്ത്രജ്ഞൻ അനാവശ്യമായി ഇംഗ്ലണ്ടു സന്ദർശനത്തിനുദ്യമിച്ചില്ല. ജയിലിൽ കിടന്നിരുന്നപ്പോൾ തന്റെ പ്രിയ മക്കൾക്കയച്ച അദ്ദേഹത്തിന്റെ ദീർഘമായ ഒരു കത്തിൽ "മോട്ടോർ ഡ്രൈവിംഗ് ജോലി ചെയ്തെങ്കിലും സധൈര്യം ജീവസന്ധാരണം നടത്തുവാനും, പഴങ്കഞ്ഞിയാണെങ്കിലും രുചിയോടുകൂടി കഴിക്കുവാനുമുള്ള പരിശീലനമാണ് നിങ്ങൾക്കു ഞാൻ നൽകിയതു്" എന്നു രേഖപ്പെടുത്തിയിരുന്നതു വായിക്കുവാൻ ഈ ലേഖനമെഴുതുന്ന ആൾക്കു സന്ദർഭം ലഭിച്ചിട്ടുണ്ട്. സാധാരണ സുറിയാനിഗൃഹങ്ങളിൽ കാണാറുള്ളതുപോലെ ജാതകവും ശകുനവും കുട്ടികളുടെ സ്വാതന്ത്ര്യചിന്താഗതിയെ ഹനിക്കുവാൻ അദ്ദേഹം സന്ദർഭം നൽകിയിരുന്നില്ല. "ജാതകത്തിനു് ഒരു ഗുണം ഞാൻ കണ്ടിട്ടുണ്ട്. അതു് Character reading (സ്വഭാവത്തെപ്പറ്റിയുള്ള സൂചന) നൽകുന്നതായി അനുഭവപ്പെട്ടിട്ടുണ്ട്" എന്നദ്ദേഹം ഒരിക്കൽ പ്രസ്താവിക്കയുണ്ടായി. സന്ദർഭവശാൽ ജ്യോതിഷപ്രമുഖനായിരുന്ന കൊടുങ്ങല്ലൂർ തമ്പുരാൻ അദ്ദേഹത്തോടു ഇങ്ങനെ പറഞ്ഞതായി ഈ ലേഖക

നോടു പറയുവാൻ ഇടയായിട്ടുണ്ട്. "നീ ഒരു ദീപാളിയാണല്ലോ. നിന്റെ കൈയിൽ ഒരു ലക്ഷം രൂപാ കിട്ടിയാൽ രണ്ടുലക്ഷത്തിന്റെ ചെലവു അപ്പോഴേ നീ കാണും. നീ ഏതെങ്കിലും ഒരു കാര്യം ചെന്നു തൊട്ടാൽ അതു രാജ്യംപോലെ വലുതാകും. ഒരു കാര്യം ചെയ്യേണം. ഭാര്യയുടെ പേരിലോ സഹോദരന്മാരുടെപേരിലോ വല്ലതുമൊക്കെ കരുതിയേക്കണം. അല്ലെങ്കിൽ നീ കുഴയും." ഏകദേശം നാല്പതു കൊല്ലങ്ങൾക്കുമുമ്പു് പറഞ്ഞ ഈ പ്രവചനത്തെപ്പററി അദ്ദേഹം ചിന്തിക്കകൂടി ചെയ്തിട്ടില്ലെന്നും, ഉത്തരവാദപ്രക്ഷോഭണത്തിൽ പങ്കെടുത്തതിനു് സർ. സി. പിയുടെ ഉഗ്രകോപത്തിനു ഇരയായി ജയിൽവാസമനുഭവിച്ച കാലത്താണു് അതു വീണ്ടും തന്റെ സ്മരണാപഥത്തിൽ എത്തിയതെന്നും അദ്ദേഹം ഒരിക്കൽ പറയുകയുണ്ടായി.

എന്നാൽ കൊടുങ്ങല്ലൂർ തമ്പുരാന്റെ നിർദ്ദേശം അഭിമാനമൂർത്തിയായ അദ്ദേഹം ചെയ്യുവാനിടയാകാഞ്ഞതുകൊണ്ടു് തന്റെ പേരിലുള്ള സർവ വസ്തുക്കളും ഷയറുകളും വ്യവസായസ്ഥാപനങ്ങളും എല്ലാം അന്നു നശിക്കുവാനിടയായതു് സുപ്രസിദ്ധമായ ചരിത്രമാണു്. ഈശ്വരഗത്യാ ബാങ്ക നശിക്കുന്നതിനു രണ്ടുമൂന്നു വർഷങ്ങൾമുമ്പു് പ്രാപ്തിയായ തന്റെ മകൾ താൻ സ്ഥാപിച്ച മൈസൂർ തോട്ടകമ്പനികളിലുംമററും എടുക്കുവാനിടയായ ഷയറുകളുംമററുമാണു് അവരുടെ കുടുംബച്ചെലവിനു ഏകാവലംബമായി പരിശേഷിച്ചതു്. മൈസൂർ കമ്പനികൾ സ്ഥാപിച്ച അവസരത്തിൽ അദ്ദേഹത്തിന്റെ വ്യവസായാദർശത്തെ വ്യക്തമാക്കുന്ന രസകരമായ ഒരു സംഭവംഉണ്ടായി. തോട്ടക്കമ്പിനികളുടെ രൂപവൽക്കരണം മൂലം ലാഭമായി ലഭിച്ച രണ്ടുമൂന്നുലക്ഷം രൂപാ തിരുവിതാംകൂർ നാഷ്യനൽ ബാങ്കിൽനിന്നു കടമായി ശ്രീ. മാമ്മൻമാപ്പിള എടുത്തിരുന്ന സംഖ്യ വീട്ടുവാൻ ഉപയോഗിക്കണമെന്നും, തങ്ങളെ വിശ്വസിച്ചു അനേകമാളുകൾ പണം നിക്ഷേപിച്ചിട്ടുള്ളതിൽനിന്നു തങ്ങൾതന്നെ കടം എടുക്കുന്നതിനെപ്പററി പലരും അപലപിക്കുന്നുണ്ടെന്നും അതുകൊണ്ടു് ആ പരാതിയിൽനിന്നു് വിമുക്തമാകുന്നതു അഭിമാനകരമാണെന്നും അദ്ദേഹത്തിന്റെ ഒരു പുത്രൻ നിർദ്ദേശിച്ചു. ഏതാണ്ടിപ്രകാരം അദ്ദേഹം മറുപടി പറഞ്ഞതായിട്ടാണോർക്കുന്നതു് "പണത്തിന്റെ ഉപയോഗമെന്താണു? നീ എക്കണോമിക്സ് ഓണേഴ്സ് പാസായ ആൾ ആണല്ലോ. ബാങ്കിൽ നിക്ഷേപിക്കുന്ന പണം നാം കുറഞ്ഞ പലിശക്കു വാങ്ങി കൂടുതൽ പലിശക്കു ക്രെഡിററുള്ള ആളുകൾക്കോ സ്ഥാപനങ്ങൾക്കോ കടം കൊടുത്തു ആ വിധം കിട്ടുന്ന ലാഭമാണു് ബാങ്കിന്റെ പ്രധാനമായ ആദായം. ഏതെങ്കിലും ആളുകൾക്കോ സ്ഥാപനങ്ങൾക്കോ കടം കൊടുക്കാതെ തരമില്ല. അങ്ങനെ വിശ്വസ്തതയുള്ള സ്ഥാപനങ്ങളിൽ ചിലതു നാംതന്നെ നടത്താമെങ്കിൽ അവക്കു ആവശ്യമായ പണം കടം എടുക്കുന്നതിൽ ധാർമ്മികമായി എന്താണു തെററു്. ഞാൻ അനപ്പുറത്തു ഷോറും അനാദായകരമായ അലങ്കാരഭ്രമങ്ങളിൽ ധൂർത്തടിക്കാനുമാണു് കടം എടുക്കുന്നതെങ്കിൽ ഞാൻ നിശ്ചയമായും അപലപനീയനാണു്. നേരേമറിച്ചു നാം എടുക്കുന്ന തുകക്കു മററുള്ളവർ കൊടുക്കുന്ന പലിശയും മുതലും തിരിച്ചു കൊടുക്കാനുള്ള കഴിവുകൾ ഹനിക്കാതെ നാം നിർമ്മാണാത്മകമായ പ്രസ്ഥാനങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടു് തെററുണ്ടോ? എന്റെ അഭിപ്രായം പറയുകയാണെങ്കിൽ ഇപ്പോൾ കിട്ടിയ ലാഭം നാം രൂപവൽക്കരിച്ച തോട്ടക്കമ്പനികളിൽ മുടക്കണം. അവ നിങ്ങൾതന്നെ ഉത്തമമായി മാനേജ് ചെയ്യണം. ഒരു കാശുപോലും നിങ്ങൾ കള്ളക്കണക്കെഴുതി സമ്പാദിക്കണമെന്നു് എനിക്കാഗ്രഹമില്ല. അങ്ങനെ ആ കമ്പനികളുടെ കൺട്രോൾ നിങ്ങളിലായിരിക്കുമ്പോൾ നമ്മോടു ബന്ധപ്പെട്ടു കഴിയുന്ന അനേകർക്കു ജോലി കൊടുക്കുവാനും നമുക്കു സാധിക്കും" മൈസൂർ എസ്റ്റേററു് മാനേജ് ചെയ്തിരുന്ന അദ്ദേഹത്തിന്റെ പുത്രൻ പരേതനായ ശ്രീ കെ. എം. ജേക്കബ് സ്വപിതാവിന്റെ പ്രതീക്ഷകളെ എത്രയധികം സാധൂകരിച്ചുവെന്നതിനു് ഒരുദാഹരണം പറയാം. താൻ താമസിച്ചിരുന്ന ബംഗ്ളാവിനുചുററും പൂന്തോട്ടമുണ്ടാക്കുവാനും വൃത്തിയാക്കുവാനുംമററും കൂലിക്കാരെ നിയമിച്ചു കുറേ പണം ചെലവാക്കിയതു് കമ്പനി കണക്കിൽ എഴുതുവാൻ തോട്ടവിസിററർ ആയ തന്റെ ശ്വശുരൻ നിർദ്ദേശിച്ചപ്പോൾ "കമ്പനിക്കു് ഈ ദുർവ്യയം ആവശ്യമില്ല. എന്റെ സ്വന്തപണമാണു് അതിനു ചെലവാക്കേണ്ടതു്" എന്നു ശ്രീ. ജേക്കബ് സധീരം മറുപടി പറഞ്ഞപ്പോൾ അദ്ദേഹം വിസ്മയാധീനനായ കഥ കേട്ടിട്ടുണ്ടു്. ഇങ്ങനെ അടിസ്ഥാനപരമായ വിശ്വസ്തതയും സത്യസന്ധതയും പാലിച്ചതാണു് ശ്രീ. മാമ്മൻമാപ്പിളയുടെ കമ്പനി പ്രധാനമായ വിവസായസംരംഭങ്ങളുടെ വിജയരഹസ്യം. ബാങ്ക് പൂട്ടിയപ്പോൾ അനേകലക്ഷം രൂപാ എടുത്തു മാററിയിട്ടുണ്ടെന്നു് വിവരമില്ലാത്തവർ പറയുകയും വിശ്വസിക്കുകയും ചെയ്തിട്ടുണ്ടു്. തലേദിവസം ആപ്പീസിൽ വരവുവന്ന മിച്ചത്തുകയും ബാങ്കിന്റെ കോട്ടയം ബ്രാഞ്ചിൽ കൊടുത്തയച്ചശേഷം രാവിലെ ബാങ്ക് പൂട്ടിയ വിവരത്തിനു കമ്പി വന്നതു് നിറഞ്ഞ കണ്ണുകളോടുകൂടി 'ഇന്നു നമ്മുടെ ബിസിനസ് എങ്ങനെ കൊടുത്തുതീർക്കുമെന്നു" പറഞ്ഞുകൊണ്ടു' അന്നത്തെ [illegible] മാനേജർ ശ്രീ. വറുഗീസുമാപ്പിള ഇതികർത്തവ്യതാമൂഢനായിരിക്കുന്നതു് ഈ ലേഖകൻ കണ്ടതാണു്. സർ. സി. പി. യുടെ സകല കഴിവുകളും സി. ഐ. ഡി. അനുയായികളുടെ സാമർത്ഥ്യങ്ങളും പ്രയോഗിച്ചിട്ടു് അധാർമ്മികവും ശിക്ഷാർഹങ്ങളുമായ ഒരൊററ കള്ളത്തരവും കണ്ടുപിടിക്കാൻ ഇടയായിട്ടില്ലെന്നുള്ളതു് സ്മരണീയമായ ഒരു പരമാർത്ഥമാണു്. തെക്കേ ഇൻഡ്യയിൽ കോളിളക്കമുണ്ടാക്കിയ ആ സംഭവം ഇന്നും ആരുടെയും സ്മൃതിപഥത്തിൽനിന്നു മാഞ്ഞുപോയിട്ടില്ല. ശ്രീ. മാമ്മൻമാപ്പിളയെപ്പററി ഇത്രയും അനുസ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ ചില ദൂഷ്യവശങ്ങൾ ഞങ്ങൾ വിസ്മരിക്കുന്നില്ല. അദ്ദേഹത്തിന്റെ ഏററവും പ്രസിദ്ധമായ ദൂഷ്യം ശത്രുക്കളോടുള്ള [illegible]നവിരോധമാണു്. അഗാധമായ [illegible]കാരക്ഷോഭങ്ങളും ഓർമ്മശക്തിയും ഉണ്ടായിരുന്നതുകൊണ്ടു് തന്നോടു ചെയ്യുന്ന അക്രമങ്ങളെ അദ്ദേഹം വേഗം വിസ്മരിച്ചിരുന്നില്ല. എങ്കിലും ആ വിരോധം തന്റെ പ്രതിയോഗികളെ മുടിക്കുന്നതിനോ നശിപ്പിക്കുന്നതിനോ കുഴിയിൽ പായിക്കുന്നതിനോ അദ്ദേഹം ഒരിക്കലും വിനിയോഗിച്ചിരുന്നില്ല. വിജ്ഞാനസമ്പന്നനായിരുന്ന അദ്ദേഹം അവരുടെ വഴിക്കു് അവരെ വിടുകയേ ചെയ്തിട്ടുള്ളു. തന്റെ സ്ഥാപനങ്ങളിൽ പങ്കു ചേർന്ന ചില സ്നേഹിതന്മാരും ബന്ധുക്കളും തമ്മിൽ പ[illegible]ങ്കു പിരിയേണ്ട അനേക സന്ദർഭങ്ങ[illegible] ഉണ്ടായിട്ടുണ്ടു്. ആ പങ്കുകാരുടെ പ്ര[illegible]രണവും വിരോധവും അദ്ദേഹത്തിന്റെ ജീവിതത്തിൽ നിത്യശല്യമായി പ്ര[illegible]ത്തിച്ചിട്ടുമുണ്ടു്. എന്നാൽ പങ്കു പി[illegible]യേണ്ട അവസരങ്ങളിൽ സ്ഥാപന[illegible]ശിക്കാതിരിക്കുന്നതിനുവേണ്ടി പങ്ക[illegible] ആവശ്യപ്പെടുന്ന തുകയും കൊ[illegible]ണു് ഈ പങ്കുപിരിച്ചിൽ എല്ലാം [illegible]ന്നിട്ടുള്ളതെന്നു്, പന്നീട്ടു സ[illegible] പ്രതീക്ഷാതീതമായ വിധത്തി[illegible]ർന്നുകഴിയുമ്പോൾ പങ്കുകാരും [illegible]ക്കാറില്ല. കേരളക്കരയിൽ [illegible]

(ശേഷം 12—ാം പേജ[illegible]

വേദവായനക്കുറിപ്പുകൾ

തിങ്കൾ. മർക്കോസ് 7. 20—23-മത്തായി 12. 34.-35

ഈ രണ്ടു ഭാഗങ്ങളുടെ അർത്ഥം എന്തെന്നു് ശരിയായി ചിന്തിച്ചുനോക്കുക. പരീക്ഷകളെ നേരിടുകയും വിജയിക്കുകയും ചെയ്യേണ്ടതു് രഹസ്യ ചിന്താമണ്ഡലത്തിൽ വച്ചാണെന്നല്ലേ അവിടുന്നു് ഇവിടെ കൽപിച്ചിരിക്കുന്നതു്, "ഒരുവൻെറ ചിന്ത എപ്രകാരമോ ആ വിധമായിരിക്കും ആ മനുഷ്യൻ." നാം കാണുന്ന നമ്മുടെ തിന്മ പ്രവൃത്തികൾ നമ്മുടെ ചിന്താമണ്ഡലത്തിൽ രൂപം പ്രാപിക്കുന്ന തിന്മകളുടെ നീണ്ട നിഴലുകൾ മാത്രമാണ്. നിങ്ങൾ വളരെയധികം ലജ്ജിക്കുന്ന നിങ്ങളുടെ പ്രവൃത്തികളുടെ മൂലം നിഷിദ്ധമായ ചില ചിന്താ വഴക്കങ്ങളുടെ ഫലമായിരിക്കും. സംശയമില്ല. യഥാർത്ഥമായ യുദ്ധം ആന്തരികമാണ്. ബാഹ്യ പ്രവർത്തി അതിൻെറ പ്രതിധ്വനിയും മാറ്റൊലിയും മാത്രമത്രേ. പാപത്തെ മുളയിൽ തന്നെ നുള്ളുന്നതിനുള്ള മാർഗ്ഗം പാപമോഹങ്ങൾക്കു ഹൃദയത്തിൽ പ്രവേശനം നൽകാതിരിക്കയാണു. "ഞാൻ അതു ചിന്തിക്കുകപോലും ചെയ്യുകയില്ല." അതാണ് പല പാപങ്ങളെയും തടയുന്നതിനുള്ള മാർഗ്ഗം.

ചൊവ്വാ. മർക്കോസ് 3. 13—14, 2 കൊരി: 3: 17-18

നമ്മുടെ സ്വഭാവം രൂപം പ്രാപിക്കുന്നതു് നമ്മുടെ സംസർഗ്ഗബന്ധത്തെ ആശ്രയിച്ചാണ്. ശ്രമം കൊണ്ടുമാത്രം നന്നാകുവാൻ സാധ്യമല്ല. നാം അറിഞ്ഞുകൊണ്ടു് തെരഞ്ഞെടുക്കുന്ന ചില പ്രേരണാശക്തികളുടെ ഫലമായിരിക്കും നമ്മുടെ സ്വഭാവം. ഉത്തമനായ സുഹൃത്തിനോടുള്ള സുസ്ഥിരമായ ബന്ധം, ...ത്തമമായ പ്രസ്ഥാനത്തിലുള്ള നിങ്ങളു... താൽപര്യം സൽഗ്രന്ഥങ്ങളുടെ ശ...ള്ള നിങ്ങളുടെമേലുള്ള സ്വാധീനം ...ങ്ങളുടെ ചിന്താഗതികളോടു് ആനു...മുള്ള ഒരു സംഘമാളുകളുമായി ...ള്ള പ്രവർത്തനം ഇവയെല്ലാം നി...റിയാതെ തന്നെ നിങ്ങളുടെ സ്വഭാ... രൂപം നൽകുന്നതാണ്. ക്രി...നാമി തീരണമെന്ന ആഗ്രഹം ...മം കൊണ്ടു സാധ്യമല്ല. എന്നാ...സ്തുവിനെ നിങ്ങളുടെ സ്നേഹി... തൻെറ രാജ്യം നിങ്ങളുടെ ...മായും വി. വേദപുസ്തകം ... പുസ്തകമായും സഭ നി... കൊള്ളുന്ന സമൂഹമായും തീരട്ടെ. ഇവ നിങ്ങളറിയാതെ തന്നെ നിങ്ങളുടെ ജീവിതത്തെ പാടെ പരിവർത്തനം ചെയ്യുന്നതാണ്.

ബുധൻ. മത്തായി. 12. 9—14.

ഉത്തമമെന്നു തോന്നുന്ന മാർഗ്ഗങ്ങളിൽ ജീവിക്കണമെന്നാഗ്രഹിക്കുന്ന മനുഷ്യൻ സുസ്ഥിരമായി നിന്നിട്ടുള്ള പല ആചാരങ്ങളെയും ലംഘിക്കേണ്ടതായി വന്നേക്കാം. യേശു തമ്പുരാൻ ആദർശശൂന്യമായ ഒരു ലോകത്തിൽ ആദർശസമ്പൂർണ്ണമായ ഒരു ജീവിതം നയിക്കുവാനാണു ശ്രമിച്ചതു്. തൽഫലമായി ചില ഏറ്റുമുട്ടലുകൾ അനിവാര്യമായിരുന്നു, മനുഷ്യരോടുള്ള തൻെറ സ്നേഹം ശാബതാചരണം സംബന്ധിച്ചനിയമങ്ങൾ ഇവ തമ്മിലുള്ള ഒരു ഏറ്റുമുട്ടലാണു നാം ഇന്നത്തെ വേദഭാഗത്തു വായിക്കുന്നതു്. ക്രിസ്തു തുല്യമായി ജീവിതം നയിക്കുവാൻ ശ്രമിക്കുന്ന മനുഷ്യൻ തൻെറ അനുദിനജീവിതവ്യാപാരങ്ങളിൽ പല ഏറ്റുമുട്ടലുകൾക്കു നിർബന്ധിതനായിത്തീരും. സാധാരണ ലോകത്തിൽ മറ്റുള്ളവർ ചെയ്യുന്നതു പ്രവർത്തിച്ചു ആ ഒഴുക്കിനനുസരണമായി ഒഴുകിപ്പോകുവാനാണോ നിങ്ങൾ ശ്രമിക്കുന്നതു്. അതോ ഉത്തമമായ ആദർശങ്ങൾക്കു വേണ്ടി ജീവിക്കുക, അതുമൂലം സാമൂഹ്യജീവിതത്തിലെ ദുഷിപ്പുകളെ എതിർക്കേണ്ടിവന്നാൽ അതു ചെയ്യുക. ഇവയിലേതാണു നിങ്ങൾ ആഗ്രഹിക്കുന്നതും ഇഷ്ടപ്പെടുന്നതും.

വ്യാഴം. മത്തായി. 15. 1—6.


കർത്താവിനു തൻെറ ജനങ്ങളുടെ പല ആചാരങ്ങളെയും എതിർക്കേണ്ടി വന്നു. ഉത്തമജീവിതം നയിക്കുവാൻ ശ്രമിക്കുന്ന ഒരു മനുഷ്യൻ തൻെറ ചുറ്റുപാടുകളിൽ പല മ്ലേച്ഛതകളും കണ്ടു എന്നു വരാം. ജനാധിപത്യവ്യവസ്ഥിതിയിൽ ജനത്തിൻെറ ശബ്ദം ദൈവത്തിൻെറ ശബ്ദമെന്നു നാം ചിന്തിച്ചെന്നു വരാം. അതു ശരിയായിരിക്കുമോ? ലോകം ഇനിയും രക്ഷിക്കപ്പെട്ടുകഴിഞ്ഞിട്ടില്ല. ആ ലോകം നമ്മെ എപ്പോഴും അധമമാർഗ്ഗത്തിലേക്കായിരിക്കും ആകർഷിക്കുന്നതു്. ഉത്തമസ്വഭാവിയായി ജീവിക്കുവാൻ ശ്രമിക്കുന്നവൻ അധമവും നിഷിദ്ധവുമായ മാർഗ്ഗങ്ങളെ എതിർക്കുവാൻ തക്ക മനക്കരുത്തും ശക്തിയുമുള്ളവനായിരിക്കണം. നിങ്ങളുടെ സാഹചര്യത്തിലെ സംഭാഷണം, ആചാരങ്ങൾ, ഗ്രന്ഥങ്ങൾ, മതത്തെപ്പറ്റിയുള്ള ചിന്ത ഇവയുടെ മാനദണ്ഡം ഏതു പ്രകാരമായിരിക്കുന്നു എന്നു ചിന്തിച്ചുനോക്കുക.

വെള്ളി. മർക്കോസ് 2. 23-28.

സ്വജനങ്ങളുടെ നിർജ്ജീവമായ പാരമ്പര്യ മാനദണ്ഡത്തിലേക്കു് താഴുന്നതിനു് കർത്താവു് ഒരിക്കലും തന്നെത്തന്നെ അനുവദിച്ചില്ല. തന്മൂലമുണ്ടാകാവുന്ന ഒഴിച്ചുകൂടുവാൻ പാടില്ലാത്ത നിരൂപണങ്ങളെയും തെറ്റുധാരണകളെയും നേരിടുന്നതിനു് അചഞ്ചലമായ ധൈര്യം ആവശ്യമാണല്ലോ. തന്നെ സംബന്ധിച്ചിടത്തോളം ആ വിധമുള്ള ഒരു നിലപാടു നാം സ്വീകരിക്കുന്നതു മൂലം നാം ഭ്രഷ്ടരാക്കപ്പെടുകയോ അപമാനിതരാകുകയോ ചെയ്തേക്കാം. എന്നാൽ ഉത്തമബോധ്യമുള്ള കാര്യത്തിനുവേണ്ടി നിൽക്കുന്നവരെ അന്ത്യത്തിൽ സ്വബുദ്ധിയുള്ളവർ ബഹുമാനിക്കപ്പെടുമെന്നുള്ളതു് തീർച്ചയാണ്. അർത്ഥമില്ലാത്ത ആചാരങ്ങളെ പുറംതള്ളുവാൻ സന്നദ്ധതയുള്ളവർക്കേ സമുദായത്തിൽ അത്യന്താപേക്ഷിതമായ പരിവർത്തനങ്ങൾ നടപ്പിൽവരുത്തുവാൻ സാധിക്കുകയുള്ളൂ. നാം ഓരോരുത്തരുടെയും ജീവിതം പ്രത്യക്ഷമായിട്ടോ പരോക്ഷമായിട്ടോ സഭയെയും സമുദായത്തെയും ഏതു പ്രകാരമാണു് സ്പർശിക്കുന്നതു.

ശനി. മർക്കോ. 7.14—20

ആചാരാനുഷ്ഠാനങ്ങളിൽ നിമഗ്നമായിരുന്ന ആ മതവലയത്തിനുള്ളിൽ ജീവിക്കുവാൻ നിർബന്ധിതനായ യേശുതമ്പുരാൻ ഉൽകൃഷ്ടമായ മത ചിന്തയും ഉത്തമമായ ആദ്ധ്യാത്മിക ജീവിതത്തിനും വേണ്ടിയാണു് ക്ലേശിച്ചതും അദ്ധ്വാനിച്ചതും. നമ്മുടെ ഇന്നത്തെ സാഹചര്യത്തിൽ നാം കാര്യമായി പരിഗണിക്കേണ്ടതു വല്ലതുമുണ്ടോ. ആ കാര്യത്തിൽ നാം എന്തൊരു നിലപാടാണു് സ്വീകരിച്ചിരിക്കുന്നതു്. കണ്ണടച്ചു മൗനമവലംബിക്കുകയോ അതോ ദൂരത്തു നിന്നുകൊണ്ടു് വിമർശനങ്ങൾ നടത്തുകയോ അങ്ങനെയുള്ളവർ കർത്താവിൻെറ നിലപാടെന്തായിരുന്നു എന്നു മനസ്സിലാക്കട്ടെ. ഒററ വ്യക്തിയുടെ സുധീരമായ നിലപാടുമൂലം വലിയ വലിയ പരിവർത്തനങ്ങൾ സാധ്യമാണ്. അങ്ങിനെയുള്ളവർ പ്രാതികൂല്യങ്ങളെ നേരിടേണ്ടിവരുന്നേക്കാം എങ്കിലും അങ്ങനെയുള്ള ഒരു നിലപാടു സ്വീകരിക്കുവാനുള്ള സന്നദ്ധത യേശുവിൻെറ ശിഷ്യത്വത്തിൻെറ അവിഭാജ്യഘടകമല്ലേ.



മയിലാപ്പൂരെ മാർത്തോമ്മാമാർ

(റവ. കെ. ജോസഫ് ബി. എ. എൽ. റ്റി.)

സെൻറുതോമസ് കേരളത്തിൽ വന്ന്, മയിലാപ്പൂരിൽ (അവിടത്തെ രണ്ടുഖബറുകളിൽ ഒന്നിലെങ്കിലും) അടക്കപ്പെട്ടോ എന്ന വിഷയം ഡിസംബർ 20-ലെ ലക്കത്തിൽ മിസ്റ്റർ ഹേസാൾ ഇ. ഫോസ്റ്റർ ചർച്ചചെയ്തിട്ട് "അതു യഥാർത്ഥമാണെന്നു വിശ്വസിക്കുവാൻ വിസമ്മതിക്കാത്തവരിലൊരാളാണു ഞാൻ" എന്നു പ്രസ്താവിച്ചിരിക്കുന്നു.

(1) അദ്ദേഹം തിരുവിതാംകൂറിൽ വന്നപ്പോൾ പറഞ്ഞുകേട്ട ഇന്നത്തെ നമ്മുടെ എന്ത്രാൻ—ശൂലാദി പാരമ്പര്യ വിവരങ്ങൾ ഒന്നാം ശതകം (ഏതാണ്ട് എ.ഡി. 72) മുതലേ, അതേ രൂപങ്ങളിൽ, അദ്ശംശം വ്യത്യാസമുണ്ടാകാതെ ഇവിടെ നിലനിന്നുപോന്നതാണെന്നും (2) "സുറിയാനിക്രിസ്ത്യാനികളുടെ കേന്ദ്രമായി എപ്പോഴും കാണപ്പെടുന്നതു ദക്ഷിണേന്ത്യയാണല്ലോ" എന്നും മറ്റുമുള്ള അബദ്ധധാരണകളാണ് അദ്ദേഹത്തിന്റെ ലേഖനത്തിലെ പ്രധാന വിശേഷങ്ങൾ.

ഞാനിങ്ങനെ പ്രസ്താവിക്കുന്നതു് അജ്ഞതകൊണ്ടാണെന്നു തോന്നുന്ന മാർത്തോമ്മാ ക്രിസ്ത്യാനികൾ ധാരാളമുണ്ട്. അവരോടെന്റെ അപേക്ഷകൾ ഇവയാണ്:—(1) 13-ാം ശതകത്തിലെ മാർക്കൊപ്പോലോയോട് (1288—93) നമ്മുടെ പൂർവ്വികന്മാർ പറഞ്ഞതു് അവരുടെ മാർത്തോമ്മാ ഒരു പായവേടന്റെ അമ്പേറ്റു രക്തസാക്ഷിയല്ലാതെ യദൃച്ഛയാ മരിപ്പാനിടയായി എന്നു ഞാൻ പറയുന്നതു ചരിത്രമാണോ എന്നു പരിശോധിച്ചു നോക്കുവിൻ (2) രക്തസാക്ഷിയല്ലാതെയാണു മരിച്ചതെന്നു പിൻതലമുറക്കാർ 1348—ൽ മരിഞ്ഞോലി മെത്രാനോടും, 1517—ാമാണ്ടിടയ്ക്ക് ദിയോഗോ എന്ന പറങ്കിയോടും പറഞ്ഞു എന്നു ഞാൻ ധരിച്ചുവച്ചിരിക്കുന്നതു ശരിയോ എന്നും പരീക്ഷിച്ചു നോക്കുവിൻ. (3) പന്തിരുപതു വർഷം മുൻപു വരെ (എന്നുമുതലെന്നിനിക്കറിവില്ല) അങ്കമാലി ക്രിസ്ത്യാനികൾ പാടുന്ന പാനയിലും തോമ്മാശ്ലീഹായെ മലയാറ്റൂർ (മയിലാപ്പൂരല്ല) ശിവക്ഷേത്രത്തിലെ എന്ത്രാൻ ചുട്ടുകം വലിച്ചെറിഞ്ഞു (രക്തസാക്ഷിയാകാതെ) കൊന്നെന്നും. അങ്കമാലി നസ്രാണികൾ ചെന്ന് അപ്പൂജ്യവാനെ അ അമ്പലത്തിന്റെ ശ്രീകോവിലിൽ തന്നെ (മയിലാപ്പൂരിലല്ല) കുഴിച്ചിട്ടെന്നുമായിരുന്നു. ഞാൻ ഇപ്പറഞ്ഞതു് അസത്യമാണോ എന്നു പരിശോധിപ്പിൻ. (4) മയിലാപ്പൂരെ രണ്ടു മാർത്തോമ്മാസ്ഥിക്രൂടങ്ങൾ ഉണ്ടായിരുന്നു. ഒന്ന് 1522-ൽ ഗോവായ്ക്കയച്ചു. അതു്, ഇന്നു നശിപ്പിച്ചോ മറച്ചുവച്ചിരിക്കുന്നോ? പരിശോധിച്ചു കൊള്ളുവിൻ. മറ്റേതു്, 1523-ൽ എടുത്തതു്, മയിലാപ്പൂരിൽ തന്നെ സൂക്ഷിച്ചുവച്ചു; പിന്നെ ആ അസ്ഥിക്രൂടം വിജയനഗര രാജാവു കൊണ്ടുപോയെങ്കിലും തിരിയെ കൊടുക്കേണ്ടി വന്നു. പിന്നെ അതു കൊച്ചി മെത്രാൻ കൊണ്ടുപോയി, തിരിയെ കൊടുക്കയും ചെയ്തു. എന്നാൽ അതിന്റെ ഒരംശമായിരിക്കയില്ലയോ . കൊടുങ്ങല്ലൂരിനു സമീപമുള്ള തുരുത്തൂർ പള്ളിയിൽ വളരെ ദശാബ്ദങ്ങളായി വണങ്ങപ്പെട്ടു പോരുന്നതു്? അന്വേഷിച്ചു കണ്ടുപിടിപ്പിൻ. കൊടുങ്ങല്ലൂരെ പുതിയ "പോണ്ടിഫിക്കൽഷ്രൈ"നിൽ ഒരു മാർത്തോമ്മാസ്ഥി കർദ്ദിനാൾ തിസ്സെരാണ്ടതിരുമേനി കൊണ്ടുവന്നു വച്ചതു് ഒരു മാസം മുൻപു മാത്രം (ഡിസംബർ 6-ൽ ആണല്ലോ). (5) രണ്ടസ്ഥിക്രൂടങ്ങൾ ശ്ലീഹായ്ക്കെങ്ങനെയുണ്ടായി? ഞാൻ കള്ളം പറയുന്നോ എന്നു പരീക്ഷിപ്പിൻ. (6) മൂന്നാമതൊരസ്ഥിക്രൂടം ഇറ്റലിയിലെ ഓർത്തോനായിൽ 13-ാം ശതാബ്ദം മുതൽ വണങ്ങപ്പെട്ടുവരുന്നു. ഈ മൂന്നു മാർത്തോമ്മാ അസ്ഥികളിൽ ഏതാണു വാസ്തവികം ഗവേഷണം ചെയ്തു തീരുമാനിച്ചു കൊൾവിൻ. (7) മേല്പടി മൂന്നും വ്യാജമാണെങ്കിൽ മലയാറ്റൂർ ശിവക്ഷേത്രത്തിലെ ഖബറിലോ തിരുവാങ്കോട്ടു തരുതായ്ക്കൽപള്ളി മുറ്റത്തെ ഖബറിലോ സ ാ ക്ഷ ാ ൽ നിർവ്യാജാസ്ഥിക്രൂടമുണ്ടോ? (8) ക്രിസ്ത്വാബ്ദം 1700—നു മുൻപ് 52, 72 അഥവാ 50 ധനു, 68 കർക്കടകം 3, 50 നവംബർ 21 മരലായ തെന്നിൻഡ്യരുടെ മാർത്തോമ്മാ തീയതികൾ ഒന്നുമില്ലായിരുന്നു. (9) ചേരപെരുമാൾ കണ്ടപ്പ രാജനോ, ഖണ്ഡപനശ്ശൂവോ ആയിരുന്നെന്നു; കൊടുങ്ങല്ലൂരിനു ചന്ദ്രോല്ക്കം എന്ന പേരുണ്ടായിരുന്നെന്നും തെളിവില്ല എന്നു ഞാൻ പറയുന്നതു തെറ്റാണെങ്കിൽ തിരുത്തിത്തരുവിൻ. (10) നവംബർ 21—ാംനു ശ്ലീഹാ വന്നിറങ്ങിയെന്നോ, ഇറങ്ങിയതു കൊടുങ്ങല്ലൂരങ്ങാടിയെന്നോ Correa A-mander (അമൻഡർ)—തുടങ്ങി 16 ാം ശതകത്തിലെ എഴുത്തിലില്ല. ഞാനിപ്പറഞ്ഞതു തെറ്റാണെങ്കിൽ ആ എഴുത്തിന്റെ മൂലം ഉദ്ധരിച്ചു തെളിയിപ്പിൻ. ഇംഗ്ലീഷ് തർജ്ജമയെ ഞാൻ കണ്ടിട്ടുള്ളൂ. (11) ശ്ലീഹായുടെ മരണം ശിഷ്യനെഴുതിയ ഒരു മാർത്തോമ്മാ "ചരിതം" ഉണ്ടെന്നോ ഉണ്ടായിരുന്നെന്നോ മാർത്തോമ്മാക്കത്തോലിക്കർ പറയുന്നു. ഉണ്ടായിരുന്നെന്നു തെളിവില്ല. ഉണ്ടെങ്കിൽ വെളിച്ചത്തു കാണിപ്പിൻ എന്നു ഞാൻ 1916 മുതൽ പറഞ്ഞു. ഞാൻ തെറ്റു പറഞ്ഞോ? (12) അതിന്റെ സംഗ്രഹമെന്നു പറയുന്ന നിരണം പാട്ട് 1601—ലെതാണെന്നും അവർ പറയുന്നു. 1892—നു മുൻപ് അപ്പാട്ടില്ലായിരുന്നു എന്നു ഞാൻ. 1601 മുതൽ 1891 വരെ അതുണ്ടായിരുന്നെന്നു തെളിയിപ്പിൻ. (13) അഗാനത്തിലെ 50 ധനു, 72, മലയാങ്കര എന്നീ മൂന്നും ഈയിടെ അവർതന്നെ മാറ്റി 52, 68, കൊടുങ്ങല്ലൂർ എന്നിവ പകരം വച്ചതിനു സമാധാനമെന്ത്. (14) മേല്പടി ചരിതവും പാട്ടും വ്യാജമല്ലയോ? മിസ്റ്റർ ഫോസ്റ്ററോ മിക്ക മാർത്തോമ്മാക്രിസ്ത്യാനികളോ മേല്പറഞ്ഞ 14 കാര്യങ്ങളിലൊന്നും അറിഞ്ഞിട്ടില്ല എന്നാണു തോന്നുന്നതു്. താഴെപ്പറയുന്നവയും അറിഞ്ഞിട്ടില്ല എന്നൂഹിക്കുന്നു. (15) മാർത്തോമ്മാ ഖബറുകൾ ആകെ എട്ടോ ഒൻപതോ എണ്ണം രേഖകളിലുണ്ട്. (16) രക്തസാക്ഷിയല്ലാതെയും രക്തസാക്ഷിയായും മാർത്തോമ്മാ മരിച്ചവിധങ്ങൾ അരഡസനോളമാണ്. 13—ാംശതകം മുതലുള്ള രേഖകളിൽ. (17) 13—ാം ശതകത്തിനു മുൻപു, ഏഷ്യയിലോ ആഫ്രിക്കയിലോ എഴുതിയ യാതൊരു രേഖയിലും തോമ്മാശ്ലീഹാ തെന്നിൻഡ്യയിൽ വന്നെന്നോ, കടൽപ്പുറത്തെ ഖബറിലോ ഖബറുകളിലോ അടക്കപ്പെട്ടെന്നോ, ഖബറിങ്കലേക്കു തീർത്ഥയാത്ര[illegible]ണ്ടെന്നോ, എന്ത്രാൻശൂലം [illegible] ചുട്ടുകമെറിഞ്ഞതാ, പായൻ അമ്പെ[illegible]സ്റ്റോ കൊന്നെന്നോ പറഞ്ഞിട്ടില്ല. ഞാ[illegible]നിപ്പറഞ്ഞതു തെറ്റാണെങ്കിൽ തി[illegible]ത്തിത്തരണമെന്നപേക്ഷിച്ചുകൊള്ളു[illegible] സത്യമറിയണമെന്നേ എനിക്കുള്ളൂ. [illegible]തോമ്മായേക്കാൾ വിലയേറിയതു[illegible] ക്രിസ്ത്യാനികൾ സത്യവും വാസ്തവ[illegible]റയണം. എന്നുള്ളതു്.—എന്നാണു[illegible] സുവി[illegible]ിന്നു ഞാൻ പഠിച്ചതു്. [illegible] ഗോവായിലെയും തുരുത്തൂരിലെയും മയിലാപ്പൂരിലെയും മാർത്തോമ്മാ[illegible] ഷിപ്പുകൾ വ്യാജമാകകൊണ്ട[illegible]

പ്രതിവാരപ്രഭാഷണം (The Sermon for the Week)

അമരക്കാരനില്ലാത്ത ജീവിതം

"പതിനൊന്നാം മണി നേരത്തും ചെന്നു, മററു ചിലർ നിൽക്കുന്നതു കണ്ടിട്ടു: നിങ്ങൾ ഇവിടെ പകൽ മുഴുവൻ മിനക്കെട്ടു നിൽക്കുന്നതെന്തു് എന്നു ചോദിച്ചു. ഞങ്ങളെ ആരും കൂലിക്കു വിളിക്കായ്ക കൊണ്ടത്രെ എന്നവർ പറഞ്ഞു" —മത്തായി 20: 9

ജീവിതത്തിന്റെ ചില വശങ്ങൾ ദൈവിക വെളിച്ചത്തിന്റെ പ്രഭാവിശേഷത്തിൽ വിശദമാക്കിക്കാണിക്കുന്നവയാണു് ക്രിസ്തുവിന്റെ ഉപമകൾ. മുന്തിരിത്തോട്ടത്തിന്റെ ഉപമയും വ്യത്യസ്തമല്ല. ദൈവം നമ്മുടെ പ്രവർത്തിക്കു പ്രതിഫലം നൽകുന്നതു് ഉപരിതലത്തിൽ കാണുന്ന അതിന്റെ പരിമാണം നോക്കിയിട്ടല്ല, കൃപയുടെ രഹസ്യമാന ദണ്ഡമനുസരിച്ചാണെന്നു് ഈ ഉപമ വ്യക്തമാക്കുന്നു. നിസ്സാരവും നിഷ്പ്രഭവുമെന്നു തോന്നുന്ന കാര്യങ്ങൾ പോലും പരിഗണിക്കപ്പെടാതെ പോകയില്ല.

ക്രിസ്ത്യാനിയുടെ മനസ്സിൽ ഗൗരവമേറിയ ഒരു പ്രശ്നമാണിവിടെ അവതരിപ്പിക്കപ്പെടുന്നതു്. ക്രിസ്തുരാജ്യത്തിനു വെളിയിൽ നിൽക്കുന്നവരായി അനേകം മനുഷ്യരുണ്ടു്. യാതൊരു വിധത്തിലുമുള്ള ആദ്ധ്യാത്മിക ക്രറിനും അവർ വിധേയരല്ല. യാതൊരു ആദർശവും അവർക്കില്ല. ക്രിസ്തുവിനോടു് കടുത്ത ശത്രുതയോ ശോകാത്മകമായ അനാസ്ഥയോ പ്രകടിപ്പിക്കുന്നവർ അക്കൂട്ടത്തിൽ കണ്ടേക്കാം. നിർഭാഗ്യമായങ്കിലും ആദർശമോ ജീവിതയാത്രയിൽ ഏതെങ്കിലുമൊരു നേതാവിന്റെ മാർഗ്ഗദർശനമോ സമരത്തിൽ ഒരു സേനാനായകന്റെ തുണയോ അവർക്കു കിട്ടുന്നില്ല.

അമരക്കാരനില്ലാത്ത മനുഷ്യൻ അതതു സമയത്തെ വികാരോദ്വേഗത്തിനു വശംവദനാവുകക്ഷി പ്രസാധ്യമാണു്. സാമൂഹ്യവ്യാവസായിക ജീവിതത്തിൽ അപകടം നിറഞ്ഞ ഒരവസ്ഥയാണിതു്. ഏതെങ്കിലും ഒരു മുദ്രാവാക്യത്തിന്റെ ശബ്ദനിർഘോഷത്തിനു വശംവദരായി, ഏററവും കൂടുതൽ ജനങ്ങൾ കൂടുന്ന കൂട്ടത്തിൽ പററം ചേരുന്നതിനുള്ള ഒരു പ്രവണതയാണു് ഇതു് പ്രദാനം ചെയ്യുക. ഇത്തരക്കാരാണു് ജനസാമാന്യത്തിന്റെ സ്ഥായിയായ ശത്രുക്കൾ.

വളരെയേറെ വർഷങ്ങൾ ക്രിസ്തീയാദ്ധ്യാപനം നടന്നിട്ടും നിഷ്കൃഷ്ട ക്രിസ്തീയാദർശത്തിനു നേടിക്കിട്ടിയവർ എത്ര കുറവാണു! വളരെയേറെ പേർ ക്രിസ്തുവിനെ അവഗണിച്ചു് ദൈവരാജ്യത്തിനു പുറത്തു നിൽക്കാൻ കാരണമെന്താണു്? ഈ ചോദ്യമാണു മുമ്പറഞ്ഞ ഉപമ ആവിഷ്ക്കരിക്കുന്നതും. മറുപടി ഇരുട്ടറകളിലേക്കു വെളിച്ചം വീശുവാൻ പര്യാപ്തമാണു്: "അവർ അവനോടു പറഞ്ഞു: ആരും ഞങ്ങളെ കൂലിക്കു വിളിക്കുന്നില്ല"

മുന്തിരിത്തോട്ടത്തിനു പുറത്തുനിന്നവരെല്ലാം, വിളിച്ചിരുന്നെങ്കിൽ അകത്തു വരാൻ സന്നദ്ധതയുള്ളവരായിരുന്നു. തന്റെ സന്ദേശം മനസ്സിലാക്കി അതു സ്വീകരിക്കാൻ ചുരുക്കം ചിലർക്കു മാത്രമേ സാധിക്കുകയുള്ളു വെന്നു യാതൊരു ധ്വനിയും ക്രിസ്തു നല്കുന്നില്ല. പ്രകൃതിസഹജമായ അയോഗ്യത ചുമത്തി യാതൊരുവനും ദൈവത്തിൽനിന്നു പുറംതള്ളപ്പെടുന്നില്ല.

അവരെ ആരും വിളിച്ചിട്ടില്ല എന്നതാണു് ഒന്നാമത്തെ ആരോപണം. അതു ശരിയല്ലേ? നമ്മുടെ നാട്ടിൽ നേതാക്കന്മാരുടെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും ആദ്ധ്യാത്മികച്ഛായ തന്നെ എത്ര വിരളമാണു്! ദേശാഭിമാനത്തേക്കാൾ ആഴമേറിയ യാതൊരു വൈകാരികാംശത്തിനും അവയിൽ വലിയ സ്ഥാനമില്ല.

സുവിശേഷ പ്രസംഗങ്ങളുടെ കാര്യമെടുക്കുക. അതു വളരെ നടക്കുന്നുണ്ടെന്നു നമുക്കു തോന്നാം. പ്രസംഗയോഗങ്ങൾ ആവശ്യത്തിൽ കൂടുതൽ ഉണ്ടെന്നു പോലും ചിലർ പരാതിപ്പെടാറുണ്ടു്. പക്ഷേ ഇതു വാസ്തവമാണോ? ദേവാലയകവാടങ്ങൾക്കു സമീപം കടന്നുപോകുന്ന ആയിരക്കണക്കിയാളുകൾ പള്ളി എന്തിനുവേണ്ടി നിലകൊള്ളുന്നെന്നോ സുവിശേഷസന്ദേശം വാസ്തവത്തിലെന്താണെന്നോ അറിയാത്തവരായിട്ടില്ലേ? ഒരിക്കലും അവർ കേട്ടിട്ടില്ലെന്നതാണു് ഇതിന്റെ പ്രധാന കാരണം. അകന്ന ഏതോ സണ്ടേസ്കൂളിൽ നിന്നുള്ള പ്രതിധ്വനിയായി മാത്രമേ അവർ ക്രിസ്തുവിന്റെ പേരു കേട്ടുകാണുവാനിടയുള്ളു. നമ്മുടെ ജനസമുദായത്തിൽ ബഹുഭൂരിഭാഗം ജനങ്ങൾക്കും സുവിശേഷമെത്തു് എത്തിക്കുന്നതിൽ സഭ അശ്രദ്ധ കാണിക്കുകയല്ലേ? അവർ നമ്മുടെ അടുക്കലേക്കു വരാത്തപക്ഷം നാം അങ്ങോട്ടിറങ്ങിച്ചെല്ലണം. ഇന്നത്തെ ആവശ്യം വമ്പിച്ചതോതിലുള്ള ഒരു കുരിശുയുദ്ധമാണു്. സുവിശേഷസന്ദേശങ്ങൾ വിളിച്ചറിയിക്കുന്നതിനുള്ള ഒരു വിപുല സന്നാഹം. എന്തുകൊണ്ടാണു് അതില്ലാതെ പോയതു്.? സുവിശേഷത്തിന്റെ ആധികാരികസ്വഭാവം നമ്മെ സംബന്ധിച്ചടത്തോളം നഷ്ടപ്പെട്ടുകഴിഞ്ഞോ? ക്രിസ്തുവിന്റെ ദാനത്തിന്റെ ശക്തിയും അത്ഭുതവും അസ്തമിച്ചുകഴിഞ്ഞുവോ? എല്ലാവരും പ്രസംഗകരല്ല. പക്ഷേ, മററു മനുഷ്യരെ സ്നേഹിച്ചു് അവരെ ദൈവരാജ്യത്തിലേക്കു ക്ഷണിക്കാൻ സഹായകമായ വിധത്തിൽ നാം ക്രിസ്തുവിനെ പിന്തുടരേണ്ടതല്ലേ? ദൈവരാജ്യം സംഭാഷണ വിഷയമാകേണ്ട ഒരു സംഗതിയാണോ. സംശയമില്ല. സാധാരണ സംഭാഷണങ്ങളിൽ നാം പരാമർശിക്കുന്ന നൂറുനൂറു കാര്യങ്ങളെക്കാൾ എത്രയോ പ്രധാനമാണിതു്! രാജ്യമൊട്ടുക്കു് ഒരു വമ്പിച്ച പ്രചരണത്തിനുള്ള മാർഗ്ഗം ഇന്നു് തുറന്നുകിടക്കുന്നു. ക്രിസ്തുവിന്റെ നാമത്തിൽ പാപത്തിന്റെയും അവിശ്വാസത്തിന്റെയും കോട്ടകൊത്തളങ്ങളുടെ മേൽ ഒരു സംഘടിതാക്രമണം നടത്തുന്നതിനുള്ള സന്ദർഭമാണിതു്. ഈ വസ്തുത ക്രിസ്ത്യാനികൾ മനസ്സിലാക്കി വരുന്നുവെന്നതിന്റെ ലക്ഷണങ്ങൾ കാണുന്നുണ്ടു്. ലോകം കാത്തിരിക്കുകയാണു്. ശോകാത്മകവും ദീനദൈന്യവുമായ ഗതികേടു് ഉൽക്കണ്ഠാകുലമായ കാത്തിരിപ്പിനു ലോകത്തെ ഉണർത്തി വിടുന്നുണ്ടു്. പ്രയോജനശൂന്യമായി രാത്രി മുഴുവൻ അലഞ്ഞു തിരിഞ്ഞ പഥികർ പ്രഭാതോദയത്തിനു വേണ്ടി ആകാംക്ഷാപൂർവം നോക്കിപ്പാർക്കുന്നതു പോലെ ലോകം എന്തോ സ

...ർത്തോമനാസ്ഥിക്രൂടംവേണമെന്നു്, തി
...തിയെ വേണമെന്നു്, മാർത്തോമ്മാക്കു
...ത്തോലിക്കരാവശ്യപ്പെട്ടതു്?, (19)ഓ
...ത്തോനായിലേതു പോലും നിർവ്യാജ
...ാണെന്നു തെളിവില്ല. (20) ആദ്യ
...ത്തനാലു ശതകങ്ങളിൽ ഇൻഡ്യയിൽ
...സ്ത്യാനികളുണ്ടായിരുന്നെന്നും തെ
...വല്ല.
...ല്ലറഞ്ഞനമ്മുടെമാറുപാട്ടുകളും വ
...വിരുദ്ധതകളും പൊരുത്തക്കേടുക
...തെളിവില്ലായ്മകളും മററും ഞൊ
...ൻഡ്യയിലും മരുഭൂഖണ്ഡങ്ങളിലും
...ദ്ധപ്പെടുത്തിക്കഴിഞ്ഞു. ഇനി മ
...യ്പാൻ നിവൃത്തിയില്ല. പ്ര
...പ്പെടുത്തിയതിനെ എന്നോടു കോ
...ചരുണ്ടെന്നറിയാം "സത്യം ജ
...ന്തതം"

10 Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

മലങ്കര സുറിയാനി സമുദായാംഗങ്ങളോട്

ഒരു അഭ്യർത്ഥന.

മലബാർ ഭദ്രാസന ഇടവകയുടെ എപ്പിസ്കോപ്പായും നമ്മുടെ സഭയിലെ മിഷ്യനറിബന്ധുമായ നി. വ. ദി. ശ്രീ. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമനസ്സുകൊണ്ടു് സഭയിൽ നടത്തിക്കൊണ്ടിരിക്കുന്ന സുവിശേഷപ്രവർത്തനം തുടർന്നു കൊണ്ടുപോകുന്നതിനു് അദ്ദേഹത്തിന്റെ പ്രായാധിക്യത്തേയും സ്ഥാനമാഹാത്മ്യത്തേയും പരിഗണിച്ചു തിരുമേനിക്കു സ്വന്തമായി ഒരു കാർ ഏററവും അത്യാവശ്യമായിരിക്കയാൽ സഹൃദയരായ നിങ്ങളുടെ സന്മനസ്സിൽ നിന്നുമുള്ള കഴിവുകളെ ഇതിലേക്കായിരുന്നു സഹായിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. കാർ വാങ്ങുന്നതിലേക്കായി പൊതുജനങ്ങളിൽനിന്നും പതിനായിരം രൂപയാണു് ഞങ്ങൾ പ്രതീക്ഷിക്കുന്നതു്. സുവിശേഷപ്രവർത്തനത്തേയും സഭയുടെ പുരോഗമനത്തേയും ആഗ്രഹിക്കുന്ന നിങ്ങൾ കർതൃനാമത്തിൽ ചെയ്യുന്ന സഹായം ദൈവവേലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതായിരിക്കും.

കാർഫണ്ടു് കമ്മിററി.

1. ദിവ്യശ്രീ. മണലിൽ യാക്കോബു് കത്തനാർ. ആമ്പല്ലൂർ മുളന്തുരുത്തി. (പ്രസിഡൻറു്)
2. " ടി. വി. പീലിപ്പോസു് കത്തനാർ. (ട്രഷറർ & സെക്രട്ടറി)
3. " തേനുങ്കൽ ഗീവറുഗീസു് മല്പാൻ കോലഞ്ചേരി.
4. " ടി. ജി. കുര്യാക്കോസു് കത്തനാർ പാതിരിക്കോട്ട, മലബാർ
5. " അലക്സന്ത്രയോസു് കത്തനാർ കോഴിക്കോട്ട മലബാർ.
6. " എം. എം. യാക്കോബു് കത്തനാർ B. A. B. T. മുളന്തുരുത്തി.
7. " പാറമേൽ കുര്യാക്കോസ് കത്തനാർ കുന്നംകുളം,
8. മിസ്റ്റർ. കെ. എം. പീററർ, കുന്നംകുളം.

(8 -ാം പേജിൽനിന്നു തുടർച്ച)

കം പ്രതിഭാശാലിയായ ഒരു നേതാവു് ഇത്രയധികം ആളുകളുടെ സാമൂഹ്യജീവിതത്തെ സ്പർശിച്ച ഒരു മഹാരഥൻ വേറെയുണ്ടെന്നു തോന്നുന്നില്ല. 1953 ഡിസംബർ 31-ാംതീയതി അർദ്ധരാത്രിയിൽ 1954—ാമാണ്ടിന്റെ പുലർവേളയിൽ അന്തരിച്ച അദ്ദേഹത്തിന്റെ ജീവിതകഥയെപ്പററി പലതും പറയുവാനും എഴുതുവാനുമുണ്ടു്. കഥാപാത്രങ്ങളുടെ രചനാപാടവത്തിൽ ഷേക്സ്പീയർ മഹാകവിയെ അതിശയിക്കുന്നവർ ആരും ഇല്ലെന്നു പറയാം. അദ്ദേഹത്തിന്റെ പക്വത വർദ്ധിച്ചു വന്നതോടെ അദ്ദേഹത്തിന്റെ കഥാപാത്രങ്ങളുടെ ഗാംഭീര്യവും വർദ്ധിച്ചു വന്നു. കിംഗ ലീയർ, ഒഥല്ലൊ, ഹാംലററ് മുതലായ അത്ഭുത പര്യവസായിയായ നാടകങ്ങളിലെ കഥാപാത്രങ്ങളുടെ പക്വത ആദ്യകാലത്തുള്ള മേർച്ചൻറ് ഓഫ് വെനീസ് മുതലായ കോമഡികളിൽ കാണാനില്ല. അദ്ദേഹത്തിന്റെ ഏററവും പരിപക്വമായ ഡ്റാമാടെമ്പസ്റ്റ് എന്ന പ്രഖ്യാതമായ നാടകമാണ്. കടലും, കൊടുങ്കാററും നിയന്ത്രിക്കുന്ന പ്രൊസ്പറോയുടെ പ്രശാന്തതയും പക്വതയും അനുസ്മരിപ്പിക്കുന്ന ശാന്തതയാണു് ശ്രീ. മാമ്മൻ മാപ്പിളയുടെ അവസാനകാലഘട്ടത്തെ അലങ്കരിച്ചതു്. ജീവിതത്തിന്റെ അനന്തതയുടെ നിത്യമറവിലേക്കു് കൺമറയുവാൻ ഒരുങ്ങിക്കഴിഞ്ഞിരുന്ന അദ്ദേഹത്തിന്റെ വിയോഗം അദ്ദേഹത്തിന്റെ സുദീർഘവും അന്യാദൃശവുമായിരുന്ന ജീവിതനാടകത്തിനു് മകുടം ചാർത്തുന്ന വിധത്തിലായിരുന്നു. വാൽസല്യഭാജനമായിരുന്ന ഏകപുത്രിയുടെ മടിയിൽ തല ചായിച്ചു് ആ മഹാനുഭാവൻ നിത്യനിശ്ചലത അവലംബിച്ചു. ആ ജീവിതകഥ പൊതുജീവിതത്തിൽ പ്രവേശിക്കുന്ന പലർക്കും മാർഗ്ഗദർശകമായി ഭവിക്കട്ടെയെന്ന ആഗ്രഹത്തോടും, ആശംസയോടുംകൂടി ഈ ദീർഘലേഖനം സമാപിക്കുകയും, അദ്ദേഹത്തിന്റെ ആത്മാവിനു് നിത്യശാന്തി നേരുകയും ചെയ്യുന്നു.

9. " കെ. ഏ. പൌലോസ്, റിട്ടയാർഡ് ഹൈക്കോർട്ടു് ജഡ്ജി, തൃശ്ശൂർ.
10. " ഡാം. ചീരൻ വറുഗീസ്, തൃശ്ശൂർ
11. " സി. ജെ. മാത്യുതരകൻ M. A. B. L. വള്ളിക്കര.
12. " കെ. സി. എബ്രഹാം B. A. L T. ഹെഡ് മാസ്റ്റർ ചെറായി.
13. " എം. സി. പോത്തൻ പ്ലാന്റർ, കോഴിക്കോട്.
14. " ചാത്തുരുത്തിയിൽ വക്കി ഐപ്പോര, മുളന്തുരുത്തി.
15. " തുകലൻ കാച്ചപ്പിള്ളിൽ ചുമ്മാരു ഇട്ടൂപ്പു്, മുളന്തുരുത്തി.
16. " കരവട്ട വീട്ടിൽ ശീമോൻ, ഐപ്പോര, കണ്ടനാട്ട്.
17. " തുടിയൻ പൗലൂസ് വക്കി "

പണം മണിയോർഡറായി അയക്കുന്നവർ ഫാദർ ടി. വി. പീലിപ്പോസ്, സെക്രട്ടറി, കർമ്മേൽ ദയറാ, മുളന്തുരുത്തി P. O. എന്ന മേൽവിലാസത്തിൽ അയച്ചാൽമതി.

മുളന്തുരുത്തി
1—1—54

ദേശത്തിനുവേണ്ടി ഉത്സുകതയോടെ കാത്തിരിക്കുകയാണു്.

Printed and Published by N.M. Abraham B. A. at the Malayala Manorama Press. K[ottayam]